# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# എറണാകുളം-682030

**ഇ-മെയിൽ: doekm.ksad@kerala.gov.in**

**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
നം.കെ.എസ്.എ.ഇ.കെ.എം(പി8)1174/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/12/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി8)1174/25 തീയ്യതി: 03/12/2025

# എറണാകുളം ജില്ലയിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ

റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനു പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 06-10-2025 | 14-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-10-2025 | 14-10-2025 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.പോളി ടി.ഒ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2. ശ്രീ. മധു വി, ഓഡിറ്റ് ഓഫീസർ
3. ശ്രീമതി ബെറ്റ്സി സി.എക്സ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ. വാലന്റെയിൻ കെ.ഗിൽബർട്ട്, സീനിയർ ഗ്രേഡ് ഓഡിറ്റർ
5. ശ്രീ. ടോണി എം.ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രമണി അജയൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി.സുഷമാകുമാരി.എസ് | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി..മേരി ഡൊമിനിക്ക | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി.സന്ധ്യ.പി.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 08-09-2024 |

| | | | |
|---|---|---|---|
| ശ്രീ.ജോർജ്ജ് സി ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 09-09-2024 | 31-03-2025 |
| ശ്രീമതി.നീതു ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.അഖിൽരാജ്.ആർ | വെറ്ററിനറി സർജൻ | 01-04-2024 | 28-05-2024 |
| ഡോ. ധന്യ | വെറ്ററിനറി സർജൻ | 29-05-2024 | 21-07-2024 |
| ഡോ.രഹന | വെറ്ററിനറി സർജൻ | 22-07-2024 | 31-03-2025 |
| ഡോ.ഷിനിൽ.കെ.ബി | മെഡിക്കൽ ഓഫീസർ, FHC | 01-04-2024 | 04-08-2024 |
| ഡോ.ജിജിമോൾ എ | മെഡിക്കൽ ഓഫീസർ, FHC | 05-08-2024 | 31-03-2025 |
| ഡോ.രമ്യ രാജൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 10-01-2025 |
| ഡോ.സാജു എൻ രാജൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 11-01-2025 | 31-03-2025 |
| ശ്രീമതി.വീണ.വി.കമ്മത്ത് | വി.ഇ.ഒ.1 | 01-04-2024 | 31-03-2025 |
| ശ്രീമതി.മിനി.പി.ബി | വി.ഇ.ഒ.2 | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി.സിനി ജോസഫ് | ഹെഡ് മിസ്ട്രസ് , ഗവ. സ്കൂൾ ചെറായി | 01-04-2024 | 31-03-2025 |
| ശ്രീമതി.ബിന്ദുജ.കെ.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 19-07-2024 |
| ശ്രീമതി.ജൂണി ജോസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 20-07-2024 | 31-03-2025 |
| ശ്രീമതി.ശ്രീരേഷ്മ രാജു | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 31-03-2025 |
| ശ്രീമതി.രജനി.ജി.മേനോൻ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത. | 1-1-2 |
| 4 | ആസ്തി രജിസ്റ്ററിലെ അപാകതകൾ | 1-1-3 |
| 5 | ഫണ്ട് വിനിയോഗം - ജില്ലാ പഞ്ചായത്ത് വിഹിതവും സുലേഖ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | സ്ഥിര നിക്ഷേപത്തിന്റെ നീക്കിയിരുപ്പ് തുക പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |

| | | |
|---|---|---|
| 15 | നിയമാനുസൃതമല്ലാത്ത കെട്ടിടത്തിൽ റസ്റ്റോറന്റ് നടത്തുന്നതിന് ലൈസൻസ് അനുവദിച്ചു | 1-10 |
| 16 | IFTE&OS ലൈസൻസ് നൽകിയ കെട്ടിടത്തിന് നികുതിയിളവ് അനുവദിച്ചു | 1-11 |
| 17 | IFTE&OS ലൈസൻസ്, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ- അപാകതകൾ | 1-12 |
| 18 | കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു | 1-13 |
| 19 | അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ചുമത്തേണ്ടതാണ് | 1-14 |
| 20 | തൊഴിൽ നികുതി പിരിവ്- അപാകതകൾ | 1-15 |
| 21 | വാടക പിരിവ് -അപാകതകൾ | 1-16 |
| 22 | പൊതു ശ്മശാനം ഫീസ് പിരിവ്- പഞ്ചായത്ത് വിഹിതം ₹61,000/- ഈടാക്കിയില്ല | 1-17 |
| 23 | ലേലം - അപാകതകൾ | 1-18 |
| 24 | ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്തു | 1-19 |
| 25 | പഞ്ചായത്ത് ഓഫീസ് നവീകരണം - പ്രവൃത്തി എൽ.എസ്.ജി.ഡി.എൻജിനീയറെ കൊണ്ട് ചെക്ക് മെഷർ ചെയ്തതായി കാണുന്നില്ല. | 1-20 |
| 26 | ടെൻഡർ നടപടികൾ സ്വീകരിക്കാതെ പ്രവൃത്തി നടത്തി | 1-21 |

| | | |
|---|---|---|
| 27 | പൂർത്തിയാക്കിയ പ്രവൃത്തി സംബന്ധിച്ച ഫൈനൽ ബിൽ വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ല. | 1-22 |
| 28 | വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.17,37,178/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 29 | കാനകളിലെയും തോടുകളിലെയും ചെളിയും മണ്ണും മാറ്റുന്നത് അപാകതകൾ | 1-24 |
| 30 | ബീച്ച് ടോയ്‌ലറ്റ് നവീകരണം അപാകതകൾ | 1-25 |
| 31 | കാവാലംകുഴി ബൈ റോഡ് ടൈൽ വിരിക്കൽ- അപാകതകൾ | 1-26 |
| 32 | വാർഡ് 18 കോവിലുങ്കൽ റോഡിൽ കാന നിർമ്മാണം - 3,47,178/- രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 33 | വൈദ്യരുപടി റോഡ് മുതൽ പൊന്നാഞ്ചേരി രാജേഷിന്റെ റോഡ് വരെ കാന - അപാകതകൾ | 1-28 |
| 34 | എർത്ത് വർക്ക് എക്സ്കവേഷൻ പ്രവൃത്തി - ചെയ്യുന്ന പ്രവൃത്തിയുടെ നിരക്ക് നൽകേണ്ടതാണ്. | 1-29 |
| 35 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്-ടെണ്ടർ നടപടി ക്രമങ്ങളിൽ അപാകത. | 1-30 |
| 36 | മെഡിക്കൽ ഓഫീസർ, ആയുർവേദം - സിദ്ധ, ആയുർവേദ മരുന്നുകൾ ലഭ്യമായിട്ടില്ല-₹84871 തടസ്സപ്പെടുത്തുന്നു | 1-31 |
| 37 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.-പ്രോജക്റ്റ് ചെലവ് രേഖകളും, ഫയലുകളും ഹാജരാക്കിയില്ല-₹7,35,652/- തടസ്സപ്പെടുത്തുന്നു | 1-32 |

| | | |
|---|---|---|
| 38 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ-മുൻകൂർ ആയി നൽകിയ മുഴുവൻ തുകക്കുമുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.85,295/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-33 |
| 39 | ബാലസൗഹൃദ പഞ്ചായത്ത് പ്രവർത്തനം - അപാകത | 1-34 |
| 40 | കറവപ്പശുവിന് കാലിത്തീറ്റ- കൈകാര്യ ചെലവ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-35 |
| 41 | ജൽജീവൻ മിഷൻ-അവലോകനം | 1-36 |
| 42 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-37 |
| **ഭാഗം 2** | | |
| 1 | തൊഴിൽനികുതി കുറവായി ഈടാക്കി- ₹2,850/- വരവ് നഷ്ടം | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന. | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |

| | | |
|---|---|---|
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **18.06.2025 ലെ 4/1**-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **19.06.2025-ാം** തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **പള്ളിപ്പുറം** ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള

മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## <u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **പള്ളിപ്പുറം** ഗ്രാമപഞ്ചായത്തിന്റെ **2024-25** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും

സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : എറണാകുളം**
**തീയതി : 03.12.2025**

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)) ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase /Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹4832262.00 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹2815526.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തി രജിസ്റ്ററിലെ അപാകതകൾ

നിലവിലുള്ള അസറ്റ് രജിസ്റ്ററിന്റെ രൂപകൽപന പിന്തുണക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അസറ്റ് മൂല്യം അസറ്റ് രജിസ്റ്ററിൽ കണ്ടെത്താനാകുന്നില്ല.

## 1-1-4 ഫണ്ട് വിനിയോഗം - ജില്ലാ പഞ്ചായത്ത് വിഹിതവും സുലേഖ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് ചെലവ് തുക സുലേഖ ചെലവ് പത്രികയിലും (₹6060442/-) വാർഷിക ധനകാര്യ പത്രികയിലും (₹5060442/-) വ്യത്യാസപ്പെട്ടിരിക്കുന്നു. ആയതിന്റെ വിശദീകരണം ലഭ്യമാക്കിയില്ല.

## 1-1-5 സ്ഥിര നിക്ഷേപത്തിന്റെ നീക്കിയിരുപ്പ് തുക പൊരുത്തപ്പെടുന്നില്ല.

വർഷാവസാനം നീക്കിയിരിപ്പുള്ള സ്ഥിര നിക്ഷേപത്തിന്റെ നീക്കിയിരുപ്പ് തുക ബാലൻസ് ഷീറ്റ് ബി-12 ഷെഡ്യൂളും സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 05.02.2025 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി 27.02.2025 ലെ 7(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹57808681 | ₹57808681 |
| വരവ് | ₹508040000 | ₹435597862 |
| ആകെ | ₹565848681 | ₹493406543 |
| ചെലവ് | ₹561445000 | ₹487161832 |
| നീക്കിയിരുപ്പ് | ₹4403681 | ₹6244711 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹5,80,21,094.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹11,15,53,643.00 |
| ആകെ | : | ₹16,95,74,737.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹10,67,21,381.00 |
| നീക്കിയിരുപ്പ് | : | ₹6,28,53,356.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ വരവ് ചെലവ് കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ട്രഷറി മുഖേന ലഭിയ്ക്കുന്ന ഗ്രാന്റ്, ഗുണഭോക്താക്കൾക്ക് സർക്കാർ നേരിട്ട് കൈമാറുന്ന സാമൂഹ്യ ക്ഷേമ പെൻഷൻ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ വരവ് ചെലവ് കണക്കുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ലാപ്സായ തുക₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 46804000 | 46804000 | 46711620 | 0 | 92380 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 7868000 | 7868000 | 6993250 | 0 | 874750 |
| വികസനഫണ്ട് (ട്രി.എസ്.പി.) | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 27519000 | 27519000 | 18236744 | 0 | 9282256 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 6648000 | 6648000 | 6647876 | 0 | 124 |
| സി.എഫ്.സി ഗ്രാന്റ്-ബേസിക് (ബാങ്ക്) | 2673066 | 8495273 (പലിശ 206316 ഉൾപ്പടെ) | 11168339 | 8178659 | 2989680 | 0 |
| സി.എഫ്.സി ഗ്രാന്റ്-ബേസിക്ക് (ട്രഷറി) | 0 | 136917 | 136917 | 36917 | 0 | 100000 |

| | | | | | | |
|---|---|---|---|---|---|---|
| സി.എഫ്.സി -ടൈഡ് ഗ്രാന്റ് (ബാങ്ക്) | 7400814 | 16140000 | 23540814 | 10955672 | 12585142 | 0 |
| സി.എഫ്.സി -ടൈഡ് ഗ്രാന്റ് (ട്രഷറി) | 0 | 2082500 | 2082500 | 1041250 | 0 | 1041250 |
| റൂറൽ ഹൗസിംഗ് (320100160) | 3060000 | 0 | 3060000 | 520000 | 2540000 | 0 |
| 320100181 ടോട്ടൽ സാനിട്ടേഷൻ | 2622872 | 0 | 2622872 | 1831947 | 790925 | - |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് (320100192) | 100000 | 100000 | 200000 | 0 | 200000 | 0 |
| 320100190 വിമുക്തി | 40116 | 0 | 40116 | 36990 | 3126 | - |
| ഐ.സി.ഡി.എസ് (320100196) | 4997156 | 2690231 | 7687387 | 1907869 | 5779518 | 0 |
| 320100197 ലിറ്ററസി ഗ്രാന്റ് | 10623 | 135 | 10758 | 0 | 10758 | - |
| ശുചിത്വ മിഷൻ ഗ്രാന്റ് (320100198) | 0 | 576000 | 576000 | 576000 | 0 | - |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് | 412693 | 546390 | 959083 | 381492 | 577591 | - |

| | | | | | | |
|---|---|---|---|---|---|---|
| ഇൻഫ്രാസ്ട്രക്ചർ (320100202) | | | | | | |
| ഹെൽത്ത് ഗ്രാന്റ് -വെൽനെസ് സെന്റർ (320100204) | 83369 | 820573 | 903942 | 65750 | 838192 | 0 |
| 320200201 കൃഷി-ക്യാപ്പിറ്റൽ | 45752 | 0 | 45752 | 0 | 45752 | - |
| 320200211 പൊതു വിദ്യാഭ്യാസം-ക്യാപ്പിറ്റൽ | 61988 | 1689 | 63677 | 0 | 63677 | - |
| 320200307 മറ്റ് ഗ്രാന്റ്-എം.എൽ.എ. | 60313 | 0 | 60313 | 0 | 60313 | - |
| 320200399 മറ്റ് ഗ്രാന്റ് | 421 | 0 | 421 | 0 | 421 | - |
| 320300199 ലൈഫ് സ്റ്റേറ്റ് ഷെയർ | 31861 | 0 | 31861 | 0 | 31861 | - |

*കുറിപ്പ്:*

. വികസന ഫണ്ട് ജനറൽ – വരവിലും ചെലവിലും ഉത്തരവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹6487658/- ഉൾപ്പെടുന്നുണ്ട്.

. വികസന ഫണ്ട് ജനറൽ – ചെലവ്, ₹41441264/- റവന്യൂ ചെലവും ₹5270356/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. വികസന ഫണ്ട് എസ് സി പി – ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹231505/- ഉൾപ്പെടുന്നുണ്ട്.


. സി.എഫ്.സി. ബേസിക് ഗ്രാന്റ് (ബാങ്ക്) ചെലവ്, ₹4344584/- റവന്യൂ ചെലവും ₹3834075/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. സി.എഫ്.സി.ടൈഡ് ഗ്രാന്റ് (ബാങ്ക്) ചെലവ്, ₹4283619 റവന്യൂ ചെലവും ₹6672053 മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 352 | 260398369 | 213 | 137779045 | 120 | 19 | 60.51 |




## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2,174 | 25,18,931 | 25,21,105 | 25,20,165 | 940 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,87,78,794 | 2,87,78,794 | 2,87,78,794 | 0 |
| **ആകെ** | 2,174 | 3,12,97,725 | 3,12,99,899 | 3,12,98,959 | 940 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 928000 | 50 |
| വിധവാപെൻഷൻ | 29931300 | 1951 |
| വാർദ്ധക്യകാല പെൻഷൻ | 131295600 | 4714 |
| മാനസിക/ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 6796600 | 426 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 2443000 | 150 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.10.2025 തീയതിയിൽ ഉച്ചയ്ക്ക് 3 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹5,592/- ന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഗ്രാമ പഞ്ചായത്ത് ആസ്തികളുടെ പരിപാലനം കൃത്യമായി നടത്തേണ്ടതാണ്. നിലവിലുള്ള ആസ്തികൾ കൃത്യമായി നിരീക്ഷണം നടത്തിക്കൊണ്ടിരിക്കുകയും അനധികൃത കയ്യേറ്റങ്ങളും നിർമ്മാണങ്ങളും തടയേണ്ടതുമാണ്. ആസ്തികളോ

കെട്ടിടങ്ങളോ വാടകയ്ക്ക് നൽകുമ്പോൾ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിന് നഷ്ടം വരാത്ത രീതിയിൽ ഉചിതമായ തീരുമാനങ്ങളെടുക്കേണ്ടതാണ്.

2. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പെർമിറ്റ് ഇല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളുടെ വാർഡ് തല ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1996- ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളുടെ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷവും ലൈസൻസ് എടുക്കുന്നവരുടെ ലിസ്റ്റ് മാത്രമാണ് സൂക്ഷിക്കുന്നത്. മുൻവർഷങ്ങളിൽ ലൈസൻസ് എടുത്ത് ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ തുടർവർഷങ്ങളിൽ ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല. വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ഓഡിറ്റിനും ഇത് ഉറപ്പാക്കാനാവുന്നില്ല. ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പ്രവർത്തനം നിർത്തുന്ന സ്ഥാപനങ്ങളെ ഒഴിവാക്കിയും പുതിയതായി ആരംഭിക്കുന്നവയെ കൂട്ടിച്ചേർത്തും അതൊരു മാസ്റ്റർ ലിസ്റ്റ് ആക്കി സൂക്ഷിക്കേണ്ടതാണ്. സ്ഥാപനങ്ങൾ ഒന്നും തന്നെ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കുന്ന തരത്തിൽ ഒരു നിയന്ത്രണ സംവിധാനം രൂപപ്പെടുത്തേണ്ടതാണ്.

4. പദ്ധതി നിർവ്വഹണ കലണ്ടർ അനുസരിച്ച് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

5. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.
വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്കുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

6. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

7. ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ കാര്യക്ഷമമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 1997-98 മുതൽക്കുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന

വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ആഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം പഞ്ചായത്ത് പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 നിയമാനുസൃതമല്ലാത്ത കെട്ടിടത്തിൽ റസ്റ്റോറന്റ് നടത്തുന്നതിന് ലൈസൻസ് അനുവദിച്ചു

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011, ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും ചട്ടം 20(2) പ്രകാരം ഇപ്രകാരം കെട്ടിട നമ്പർ നൽകുന്നത്, 235 എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടുള്ളതാണെന്നും ചട്ടം 20(4) പ്രകാരം ടി കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ

മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന്, ഗ്രാമപഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല എന്നും നിഷ്കർഷിക്കുന്നു.

പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് 2024-25 വർഷത്തെ IFTE&OS ലൈസൻസ് അപേക്ഷകൾ, രജിസ്റ്റർ, പണമൊടുക്ക്, സഞ്ചയ വസ്തു നികുതി രേഖകൾ തുടങ്ങിയവ പരിശോധിച്ചതിൽ ജസ്റ്റിൻ, വടശ്ശേരി വീട്, നോർത്ത് പറവൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 23/297F(UA) നമ്പർ നിയമാനുസൃതമല്ലാത്ത കെട്ടിടത്തിൽ (IFTE&OS ലൈസൻസിൽ XIII/297F(UA) എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു) ടിയാന് “സീലൈൻ ബീച്ച് റിസോർട്ട്” എന്ന പേരിൽ ഹോട്ടൽ & റസ്റ്റോറന്റ് നടത്തുന്നതിന് 24.05.2024 ൽ ഡി-2170/2023-24/147 നമ്പരായി 2024-25 വർഷത്തേക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.
ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05 തീയതി.09.10.2025) ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രിബ്യൂണൽ, തിരുവനന്തപുരത്തിന്റെ 15.11.2014ലെ റിവിഷൻ പെറ്റിഷൻ 133/2013 നമ്പർ ഉത്തരവ് പ്രകാരമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്ന് മറുപടി ലഭിച്ചു. എന്നാൽ ടി തീരുമാനം ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന WP(C) 37528/2003 നമ്പർ വ്യവഹാരത്തിന്റെ അന്തിമവിധിക്ക് അനുസൃതമായിരിക്കും എന്ന് പറയുന്നുണ്ട്. ആയതിനാൽ ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന വ്യവഹാരത്തിന്റെ നിലവിലെ സ്ഥിതി എന്തെന്ന് പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്. ടി വ്യവഹാരത്തിന് അനുസൃതമായി വിധി പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-11 IFTE&OS ലൈസൻസ് നൽകിയ കെട്ടിടത്തിന് നികുതിയിളവ് അനുവദിച്ചു

പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് 2024-25 വർഷത്തെ IFTE&OS ലൈസൻസ് അപേക്ഷകൾ, രജിസ്റ്റർ, പണമൊടുക്ക്, സഞ്ചയ വസ്തു നികുതി രേഖകൾ തുടങ്ങിയവ പരിശോധിച്ചതിൽ ധീരജ് മാത്യു, അരികുപുറത്തുമേടയിൽ, ചെറായി എന്നയാളുടെ ഉടമസ്ഥതയിലുള്ള 10/380K നമ്പർ കെട്ടിടത്തിൽ എം.ജെ രാജു, മണ്ണാറയിൽ, ചെറായി എന്നയാൾക്ക് "വെൽബീയിംഗ് ന്യൂട്രീഷൻ സെന്റർ" എന്ന സ്ഥാപനം പ്രവർത്തിക്കുന്നതിന് 19.06.2024 ലെ 5007/24 നമ്പർ അപേക്ഷ പ്രകാരം ഡി-5007/24/2024-25/792 നമ്പരായി IFTE&OS ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയ വസ്തു നികുതി രേഖകൾ പ്രകാരം ടി കെട്ടിടത്തിന് 01.04.2024 മുതൽ 30.09.2024 വരെ ആകെ ₹1,077/- വസ്തു നികുതി ഇളവ് (Vacancy Remission) നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04 തീയതി.08.10.2025) മറുപടി ലഭിച്ചില്ല. മേൽപ്രകാരം അനുവദിച്ച നികുതിയിളവ് റദ്ദാക്കി തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 IFTE&OS ലൈസൻസ്, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ- അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾക്ക്) ലൈസൻസ് അനുവദിക്കൽ ചട്ടങ്ങൾ, ചട്ടം 3, പട്ടിക 1 ലെ ഇനങ്ങൾ 142, 143 പ്രകാരം സ്വകാര്യ ആശുപത്രികൾ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പ്രവർത്തിക്കാൻ അതത്

തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ആവശ്യമാണ്. പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് 2024-25 വർഷം സ്വകാര്യ ആശുപത്രികൾ/ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എടുത്ത/പുതുക്കിയ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ IFTE&OS ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്വകാര്യ ആശുപത്രികൾ/ പാരാമെഡിക്കൽ രജിസ്ട്രേഷൻ നമ്പർ |
|---|---|---|
| 1 | ഡോ. ബോണീസ് ചെറായി ഡെന്റൽ ക്ലിനിക് | 01/2024-25 |
| 2 | ഇഷ സിക്സ്ത് സെൻസ് ആയുർവേദിക് സ്പാ | 02/2024-25 |
| 3 | സന്തോഷ് ഡെന്റൽ ക്ലിനിക് | 03/2024-25 |
| 4 | ഡിവൈൻ ഡെന്റൽ സെന്റർ (15/785) | 04/2024-25 |
| 5 | ആധേയ ആയുർവേദ വെൽനസ് സെന്റർ (11/463A) | 05/2024-25 |
| 6 | കോട്ടയ്ക്കൽ ആര്യ വൈദ്യശാല | 07/2024-25 |
| 7 | ഡോ.ടീത്ത് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | 08/2024-25 |

| | | |
|---|---|---|
| 8 | എക്സ്പീരിയൻസിയ സോൾ വെൽനസ് സ്പാ | 09/2024-25 |
| 9 | ഐ ക്ലിനിക് | 10/2024-25 |
| 10 | ശ്രീധർ ആയുർവേദ വൈദ്യശാല | 11/2024-25 |
| 11 | പ്രകൃതി ലൈഫ് | 12/2024-25 |
| 12 | ചൈതന്യ സ്പാ | 15/2024-25 |
| 13 | ഡി.ഡി.ഐ.സി സ്കാൻ & ഡയഗ്നോസ്റ്റിക് | 16/2024-25 |
| 14 | അനന്ത, ചെറായി | 17/2024-25 |
| 15 | എം.ജെ ക്ലിനിക് | 19/2024-25 |
| 16 | ഫിസിയോ കെയർ | 20/2024-25 |
| 17 | ആക്ടീവ് ലൈഫ് ഫിസിയോ തെറാപ്പി സെന്റർ | 21/2024-25 |
| 18 | വൈറ്റ് പേൾ ഡെന്റൽ കെയർ | 22/2024-25 |
| 19 | ഡോക്ടേഴ്സ് ഹോമിയോപ്പതി | 23/2024-25 |
| 20 | ആയുർമന സ്പാ | 24/2024-25 |
| 21 | ചെറായി ആയുർവേദ സിദ്ധ ഹോസ്പിറ്റൽ | 25/2024-25 |
| 22 | ജീവസ് ആയുർവേദ ക്ലിനിക് | 26/2024-25 |
| 23 | നവഭാരത് റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ | 27/2024-25 |

| | | |
|---|---|---|
| 24 | ലക്ഷ്മി ക്ലിനിക്, ചെറായി | 28/2024-25 |
| 25 | ദ് ക്രൗൺ ഹോമിയോ മെഡിക്കൽ ഹാൾ | 29/2024-25 |
| 26 | ആധേയ ആയുർവേദ (10/355B) | 31/2024-25 |
| 27 | പ്രകൃതി ആയുർവേദ | 32/2024-25 |
| 28 | അവർ ഫാമിലി ക്ലിനിക് | 33/2024-25 |
| 29 | ഡിവൈൻ ഡെന്റൽ സെന്റർ (10/510A) | 34/2024-25 |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2 തീയതി.08.10.2025) 01.04.2025 മുതൽ രജിസ്ട്രേഷൻ പുതുക്കുമ്പോൾ ലൈസൻസ് എടുത്തതിന് ശേഷം മാത്രം രജിസ്ട്രേഷൻ പുതുക്കി നൽകുവാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. അതത് വർഷം സ്വകാര്യ ആശുപത്രികൾ/ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എടുത്ത/പുതുക്കിയ സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കി IFTE&OS ലൈസൻസ് കൂടി എടുക്കുന്നു/പുതുക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-13 കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു

പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് 2024-25 വർഷത്തെ കെട്ടിട നമ്പറിംഗ് ഫയലുകൾ, സഞ്ചയ വസ്തുനികുതി രേഖകൾ, പണമൊടുക്ക് തുടങ്ങിയവ പരിശോധിച്ചതിൽ രാജു, കാരോളിൽ, മുനമ്പം എന്നയാളുടെ പാർപ്പിടാവശ്യത്തിനുള്ള 485.08 ച.മീ അളവ് വരുന്ന 2/222 A നമ്പർ കെട്ടിടത്തിന് തെറ്റായ ഉപയോഗക്രമത്തിലുൾപ്പെടുത്തി തെറ്റായ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ

ആകെ വാർഷിക വസ്തു നികുതിയിൽ (ഗ്രന്ഥശാലാവരി ഉൾപ്പടെ) ₹2,929/- കുറവ് സംഭവിച്ചു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നിർണ്ണയിച്ചത് | നിർണ്ണയിക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|
| ഉപയോഗക്രമം | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ വരെയുള്ളവ | പാർപ്പിടാവശ്യം - സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ ൽ മുകളിലുള്ളവ | |
| നികുതി നിരക്ക് | 7 | 12 | 5 |
| അടിസ്ഥാന വസ്തു നികുതി | ₹3,395.56 | ₹5,820.96 | ₹2,425.40 |
| അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള വർദ്ധവന് (15% - തറ നിർമ്മിതി) | ₹509.33 | ₹873.14 | ₹363.81 |
| അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള | 0 | 0 | 0 |

| | | | |
|---|---|---|---|
| ഇളവ് | | | |
| വാർഷിക വസ്തു നികുതി | ₹3,905 | ₹6,695 | ₹2,790 |
| ഗ്രന്ഥശാലാവരി (@5%) | ₹196 | ₹335 | ₹139 |
| ആകെ നികുതി | ₹4,101 | ₹7,030 | ₹2,929/- |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/09.10.2025) മറുപടി ലഭിച്ചില്ല. കെട്ടിടത്തിന് ശരിയായ ഉപയോഗക്രമത്തിലുൾപ്പെടുത്തി നികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ചുമത്തേണ്ടതാണ്

22.03.2023 തീയതിയിലെ സ.ഉ(കൈ)നം.77/2023/LSGD പ്രകാരം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലും പഞ്ചായത്തിന്റെയും കേരള തീരദേശ പരിപാലന അതോറിറ്റിയുടെയും അനുമതിയില്ലാതെ അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235 എഎ പ്രകാരം മൂന്നിരട്ടി നികുതി ചുമത്തി പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.12.2024 തീയതിയിലെ 5(2) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ആയതനുസരിച്ച് ചുവടെ ചേർക്കുന്ന വ്യക്തികൾക്ക്/ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | പാപ്പുട്ടി ശിവൻ, പല്ലിശ്ശേരി |
| 2 | സുധീർ പെരുമന - പോന്യോ സ്റ്റേയ്സ് |
| 3 | പാപ്പൂട്ടി സുദർശനൻ |
| 4 | ജോഷി മുല്ലശ്ശേരി |
| 5 | മാർഷൽ വാഴപ്പള്ളി |
| 6 | ഷീല വിക്രമൻ- ലില്ലിപ്പുട്ട് |
| 7 | ടി.എം നിസാർ ആൻഡ് അതേഷ്സ്, തൈപ്പറമ്പിൽ |
| 8 | രാജേഷ് കെ.ബി- ചെറായി കൺവെൻഷൻ സെന്റർ |
| 9 | ഗൗതം ആനന്ദ്, വെസ്റ്റ് എൻഡ് കോളനി- 36 സാം ഹെറിറ്റേജ് |
| 10 | ഉദയകുമാർ, മുരിക്കുമ്പുഴ- സീ ഗ്രീൻ |
| 11 | ഡിക്സി- ചെറായി ബ്ലൂ വ്യൂസ് ബീച്ച് റിസോർട്ട്സ് |
| 12 | ഗോപാലകൃഷ്ണൻ, കണ്ണൻ പറമ്പിൽ |
| 13 | ജാൻസി, പൊയ്യാത്തറ, പള്ളിപ്പുറം |
| 14 | അഭിലാഷ് -ചില്ലൗട്ട് |
| 15 | റെയ്മണ്ട് ഫ്രാൻസിസ്- അറേബ്യൻ പേൾ റിസോർട്ട് |
| 16 | ബ്രൈറ്റ്, മാളിയേക്കൽ |
| 17 | റഫീഖ്, മമ്മസ്രയിലെത്ത് |
| 18 | റോസമ്മ, ഉന്നനാൽ |

| | |
|---|---|
| 19 | ബേബി, കാവുങ്കശ്ശേരി |
| 20 | മുരളീധരൻ, ഉളിക്കര |
| 21 | ഗൗതം ആനന്ദ്, വെസ്റ്റ് എൻഡ് കോളനി,<br>സാബി ടോമി, പനക്കപ്പറമ്പിൽ, ഏഴിക്കര |
| 22 | ജയൻ, വിദ്യ, ദേവസ്വം പറമ്പിൽ |
| 23 | ആശിഷ് പൈ, കണ്ണൻപറമ്പിൽ, വരാപ്പുഴ |
| 24 | ഡോ എസ്.എൻ രഞ്ജിത്ത്- ചെറായി ബീച്ച് റിസോർട്ട് |
| 25 | ബാബു, പള്ളത്ത് |
| 26 | രാജേഷ് ആർ.എസ്, രേഖ കെ.ആർ, രാജമന്ദിർ,<br>പള്ളുരുത്തി |
| 27 | സ്മിത ബാലാജി, വാണിവിലാസ് |
| 28 | ബീന ഹുസൈൻ, കറക്കപ്പാടത്ത് |
| 29 | അറേബ്യൻ ഈറ്റ് ആൻഡ് ഡ്രിങ്ക്സ് |
| 30 | അൽഫോൻസാ മംഗലത്ത്- സീ സ്റ്റാർ |
| 31 | എ. കൃഷ്ണകുമാർ- ബേ വാച്ച് ബീച്ച് ഹോം |
| 32 | സൈമൺ തോമസ്, ചെമ്മരശ്ശേരി- സീ ലഗൂൺ |
| 33 | സി.ആർ ജേക്കബ്, ചെമ്മരശ്ശേരി- സീ ലഗൂൺ |
| 34 | കൃഷ്ണദാസ്, പോലക്കുളത്ത്- ബ്ലൂ വാട്ടേഴ്സ് |

ആയതിന്റെ നിലവിലെ സ്ഥിതിയും പഞ്ചായത്ത് തുടർന്ന് സ്വീകരിച്ച നടപടികൾ എന്തെന്നും രേഖകൾ സഹിതം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻകചയറിക്ക് (നം.21 തീയതി.10.10.2025) മറുപടി ലഭിച്ചില്ല. മേൽ പ്രകാരമുള്ള നടപടിയുടെ പുരോഗതി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി പിരിവ്- അപാകതകൾ

1. പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് 2024-25 വർഷത്തെ തൊഴിൽനികുതി റിട്ടേണുകൾ, രജിസ്റ്റർ, പണമൊടുക്ക് തുടങ്ങിയവ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2024-25 രണ്ടാം അർദ്ധവർഷം 27.06.2024 തീയതിയിലെ സ.ഉ(സാധാ)നം.1149/2024/LSGD ലെ പുതുക്കിയ സ്ലാബ് പ്രകാരം ₹2,850/- തൊഴിൽനികുതി കുറവായാണ് ഈടാക്കിയിട്ടുള്ളത്. വിശദ വിവരം ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

2. പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി റിട്ടേണുകൾ, IFTE&OS ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ, പണമൊടുക്ക് തുടങ്ങിയവ പരിശോധിച്ചതിൽ IFTE&OS ലൈസൻസ് ലഭിക്കുന്നതിന് വിവിധ സ്ഥാപനങ്ങൾ തന്നെ നൽകിയിട്ടുള്ള വിവരങ്ങൾ പ്രകാരം, ടി സ്ഥാപനങ്ങളിൽ ഒന്നിലധികം പേർ തൊഴിലെടുക്കുന്നതായി കാണുന്നു. എന്നാൽ ഇവരിൽ നിന്നും 2024-25 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 2024-25 ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഓഷ്യൻ ഗോൾഡ് | 11 | 9 |
| 2 | അരോമ ഐസ് ഫാക്ടറി | 36 | 5 |

| | | | |
|---|---|---|---|
| 3 | സീലൈൻ, ചെറായി | 91, 92, 93, 94 | 4 |
| 4 | ദേവി മെറ്റൽ വർക്ക്സ് | 106 | 9 |
| 5 | ഷാരോൺ എഞ്ചിനീറിംഗ് വർക്ക്സ് | 131 | 5 |
| 6 | ആര്യ ഭംഗി ഹോണ്ട | 180 | 8 |
| 7 | ഓഷ്യൻ വ്യൂ ബീച്ച് ഹോം | 223 | 8 |
| 8 | ലേ പെറ്റിറ്റ് എലഫന്റ് | 228 | 5 |
| 9 | ലേ സ്ട്രി എലഫന്റ് റിസോർട്ട് | 229 | 8 |
| 10 | കെ & വി മോട്ടോർസ് | 253 | 9 |
| 11 | അമ്മ ഏജൻസീസ് | 260 | 65 |
| 12 | മാടവന ഇലക്ട്രോണിക്ക്സ് | 276 | 5 |
| 13 | അമ്മ മറൈൻ എഞ്ചിനീയറിംഗ് വർക്ക്സ് ബോട്ട് യാർഡ് | 291 | 7 |
| 14 | ഗ്രീൻ വാലി റെസ്റ്റോറന്റ് | 330 | 5 |
| 15 | കെസിയ മറൈൻ | 346 | 12 |
| 16 | ചെറായ് ബീച്ച് റിസോർട്ട് | 368 | 10 |
| 17 | വിസ് ല എന്റർപ്രൈസ് LLP | 384 | 6 |
| 18 | വൃന്ദാവൻ പ്യുവർ വെജ് റെസ്റ്റോറന്റ് | 445 | 9 |

| | | | |
|---|---|---|---|
| 19 | സ്റ്റോണറ്റ്, കുരുത്തല | 467 | 5 |
| 20 | ഡീപ് ലൈൻ എനർജി കൺട്രോൾ | 477 | 5 |
| 21 | ഓക്സി റിച്ച് ഡ്രിങ്കിംഗ് വാട്ടർ | 481 | 7 |
| 22 | ഓഷ്യൻ ബാസ്കറ്റ്, മുനമ്പം | 514 | 10 |
| 23 | വൈറ്റ് ലോട്ടോസ് ഡിസൈനർ & ആർക്കിടെക്റ്റ്സ് | 578 | 5 |
| 24 | തീർത്ഥം ഫ്യുവൽ, ചെറായി | 622 | 15 |
| 25 | മൈ ഫ്രഷ് മാർക്കറ്റ് | 756 | 7 |
| 26 | നേച്ചർ ലൈഫ് റൂഫിംഗ്സ് | 853 | 10 |
| 27 | ചന്ദ്ര ഫയർ വർക്സ് | 882 | 12 |
| 28 | അൽ താജ് റെസ്റ്റോറന്റ് | 912 | 6 |
| 29 | കാംപർ ബൈ ദ് വേ | 940 | 7 |
| 30 | ഗ്രിൽ സ്ട്രീറ്റ്, ചെറായി | 969 | 10 |

ആയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03 തീയതി.08.10.2025) മറുപടി ലഭിച്ചില്ല. മേൽപ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. ചുവടെ ചേർക്കും പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2024-25

ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും 2024-25 രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം ഈടാക്കിയ തൊഴിൽ നികുതി (₹) |
|---|---|---|
| 1 | ജീവൻ ലാബ് | 120 |
| 2 | അക്ഷയ് റെസിഡൻസി | 120 |
| 3 | ഐ ക്ലിനിക്, ചെറായി | 450 |
| 4 | റീലീഫ് മറൈൻ സപ്പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | 540 |
| 5 | എം.ജെ ക്ലിനിക്, ചെറായി | 3,050 |
| 6 | കവിത ഫിനാൻസ്, ചെറായി | 2,850 |
| 7 | ജോയ് ബ്രദേഴ്സ് പെട്രോൾ പമ്പ് 1 | 360 |
| 8 | ജോയ് ബ്രദേഴ്സ് പെട്രോൾ പമ്പ് 2 | 360 |
| 9 | ഡിവൈൻ പെട്രോളിയം, ചെറായി | 2,250 |
| 10 | ശാന്തി ഹോമിയോ ഡിസ്പെൻസറി | 120 |

ആയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/08.10.2025) മറുപടി ലഭിച്ചില്ല. മേൽപ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4. ചുവടെ ചേർക്കും പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2024-25 രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും 2024-25 ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | രണ്ടാം അർദ്ധവർഷം ഈടാക്കിയ തൊഴിൽ നികുതി (₹) |
|---|---|---|
| 1 | ചെറായി ടൂറിസ്റ്റ് ഹോം | 2,100 |
| 2 | ഫ്രീമെൻ ഇൻവെസ്റ്റ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് | 9,750 |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/08.10.2025) മറുപടി ലഭിച്ചില്ല. മേൽപ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 വാടക പിരിവ് -അപാകതകൾ

1. പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് 2024-25 സാമ്പത്തിക വർഷത്തെ വാടകയിനത്തിലുള്ള പണമൊടുക്ക് ലെഡ്ജറുകൾ പരിശോധിച്ചതിൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് ഹാൾ/ഓഡിറ്റോറിയം വാടകയിനത്തിൽ 2024-25 സാമ്പത്തിക വർഷം വിവിധ വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നായി ആകെ ₹9,500 ഈടാക്കിയിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുകയോ വാടക നിരക്ക് സംബന്ധിച്ച് ബൈലോ/പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഉള്ളതായോ

കാണുന്നില്ല. വാടക നിരക്ക് നിശ്ചയിക്കുന്നതിന്റെ അടിസ്ഥാനം എന്തെന്ന് വ്യക്തമല്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20 തീയതി.10.10.2025) ബൈലോ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കി ആയതനുസരിച്ചുള്ള നിരക്കിൽ മാത്രം തുക ഈടാക്കുന്നുണ്ടെന്നും വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. ബൈലോ തയ്യാറാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് 2024-25 സാമ്പത്തിക വർഷത്തെ വാടകയിനത്തിലുള്ള പണമൊടുക്ക് ലെഡ്ജറുകൾ പരിശോധിച്ചതിൽ വിവിധ ഹെഡ്ഡുകളിലായി ചുവടെ ചേർക്കും പ്രകാരം തുകകൾ ഈടാക്കിയതായി കാണുന്നു.

| ക്രമ നമ്പർ | ഹെഡ് | ഈടാക്കിയ ആകെ തുക |
|---|---|---|
| 1 | 110400101-Entertainment Tax | 8,000 |
| 2 | 130800199-Other Rents | 5,500 |
| 3 | 130400101-Daily Rentals From Local Body Properties | 9,500 |
| ആകെ | | 23,000/- |

പരിശോധനയിൽ ഇവ സിനിമ, ഷോർട് ഫിലിം ഷൂട്ടിംഗിനും മറ്റും പഞ്ചായത്ത് വക സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് ഈടാക്കിയ തുകയാണെന്ന് മനസിലാക്കുന്നു. എന്നാൽ ആയത് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നതായോ വാടക നിരക്ക് സംബന്ധിച്ച് ബൈലോ/പഞ്ചായത്ത് കമ്മിറ്റി തീരുമാനം

ഉള്ളതായോ കാണുന്നില്ല. വാടക നിരക്ക് നിശ്ചയിക്കുന്നതിന്റെ അടിസ്ഥാനം എന്തെന്ന് വ്യക്തമല്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20 തീയതി.10.10.2025) ബൈലോ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കി ആയതനുസരിച്ചുള്ള നിരക്കിൽ മാത്രം തുക ഈടാക്കുന്നുവെന്നും വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. ബൈലോ തയ്യാറാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് 2024-25 സാമ്പത്തിക വർഷത്തെ വാടകയിനത്തിലുള്ള പണമൊടുക്കുകൾ പരിശോധിച്ചതിൽ സെക്രട്ടറി, വലിയമനയത്ത് കൃഷി സമാജം എന്നവർ 14.01.2025 തീയതിയിലെ 1241304162 നമ്പർ രശീതി പ്രകാരം ₹15,480/- ഉം ജി.എസ്.ടിയും അടക്കമുള്ള തുക അടവാക്കിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് ഡയറക്ടറുടെ 09.02.2003 തീയതിയിലെ 5593/സി1/03/തസ്വഭവ നമ്പർ കത്ത് പ്രകാരം പുറമ്പോക്ക് തോടിന്റെ ലേലതുകയുടെ പഞ്ചായത്ത് വിഹിതമായാണ് തുക അടവാക്കിയിട്ടുള്ളത്. ആയതിന്റെ വിശദ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20 തീയതി.10.10.2025) തോടുൾപ്പടെ 86 സെന്റ് സ്ഥലത്ത് സെന്റ് ഒന്നിന് ₹180 നിരക്കിൽ ആണ് തുക ഈടാക്കിയിട്ടുള്ളതെന്നും, ഈടാക്കുന്ന തുകയുടെ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭിച്ചു. പുറമ്പോക്ക് തോടിന്റെ ലേലതുകയുടെ പഞ്ചായത്ത് വിഹിതമിനത്തിൽ ഈടാക്കുന്ന തുകയുടെ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും ആയത് വർഷാവർഷം ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-17 പൊതു ശ്മശാനം ഫീസ് പിരിവ്- പഞ്ചായത്ത് വിഹിതം ₹61,000/- ഈടാക്കിയില്ല

പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് 2024-25 വർഷത്തെ പഞ്ചായത്ത് വക പൊതു ശ്മശാനം ലേലം ഫയലുകൾ, രജിസ്റ്റർ, രശീതികൾ, പണമൊടുക്ക് തുടങ്ങിയവ പരിശോധിച്ചതിൽ പഞ്ചായത്ത് വക പൊതു ശ്മശാനം 2024-25 വർഷത്തേക്കുള്ള നടത്തിപ്പ് അവകാശം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15.02.2024 തീയതിയിലെ 3(3) നമ്പർ തീരുമാന പ്രകാരം ടി.വി തമ്പി, വെൺമലശ്ശേരി, അയ്യമ്പിള്ളി എന്നയാൾക്ക് നൽകിയതായും ഒരു മൃതശരീരം സംസ്കരിക്കുന്നതിന് പഞ്ചായത്തിന്റെ വിഹിതം ₹200/- അടക്കം ആകെ ₹1,999/- ഈടാക്കുന്നതിന് 01.04.2024 തീയതിയിലെ കരാറിലെ നിബന്ധനകൾ പ്രകാരം അനുവാദം നൽകിയതായും കാണുന്നു.

1. 01.04.2024 തീയതിയിലെ കരാറിലെ നിബന്ധനകൾ പ്രകാരം പഞ്ചായത്തിന്റെ വിഹിതം എല്ലാ മാസവും 5-ാം തീയതിക്ക് മുൻപായി നടത്തിപ്പുകാരൻ അടവാക്കേണ്ടതുണ്ട്. 2024-25 വർഷത്തിൽ വിവിധ രശീതി ബുക്കുകളിലായി ആകെ 402 രശീതികൾ പ്രകാരം തുക പിരിച്ചിട്ടുണ്ട്. ആയതനുസരിച്ച് 402 രശീതുകളിലായി ₹200/- വീതം ആകെ ₹80,400/- പഞ്ചായത്തിന്റെ വിഹിതം ഇനത്തിൽ ഈടാക്കേണ്ടിയിരുന്നു. എന്നാൽ പരിശോധനയിൽ നടത്തിപ്പുകാരനിൽ നിന്നും ആകെ ₹19,400/- മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | രശീതി നമ്പർ | തുക (₹) |
|---|---|---|

| | | |
|---|---|---|
| 06.05.2024 | 1241200649 | 8,200 |
| 27.06.2024 | 1241300422 | 7,400 |
| 31.07.2024 | 1241301000 | 3,800 |
| ആകെ | | 19,400/- |

നടത്തിപ്പുകാരനിൽ നിന്നും ബാക്കി തുക ₹61,000/- ഈടാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം.22 തീയതി.10.10.2025) തുക ഈടാക്കുന്നതിന് 21.05.2025, 03.10.2025 തീയതികളിൽ കത്ത് നൽകിയിരുന്നു എന്ന് മറുപടി ലഭിച്ചു. തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കരാറിലെ നിബന്ധനകൾ പ്രകാരം പഞ്ചായത്തിന്റെ വിഹിതം എല്ലാ മാസവും 5-ാം തീയതിക്ക് മുൻപായി നടത്തിപ്പുകാരൻ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. ഒരു മൃതശരീരം സംസ്കരിക്കുന്നതിന് പഞ്ചായത്തിന്റെ വിഹിതം ₹200/- അടക്കം ആകെ ₹1,999/- ഈടാക്കുന്നതിനാണ് അനുവാദം നൽകിയത്. എന്നാൽ രശീതികൾ പരിശോധിച്ചതിൽ വിവിധ രശീതികളിലായി ₹2,200, ₹2,300, ₹2,400, ₹2,980 എന്നിങ്ങനെ കൂടുതൽ തുക ഈടാക്കിയിട്ടുണ്ട്. ആയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം.22 തീയതി.10.10.2025) കൂടുതൽ തുക ഈടാക്കിയതിന് നടത്തിപ്പുകാരനോട് വിശദീകരണം ആവശ്യപ്പെടുന്നതാണെന്ന് മറുപടി നൽകി. ഫീസ് പിരിക്കുന്നത് സംബന്ധിച്ച് രശീതികൾ, രജിസ്റ്റർ എന്നിവ മാസാമാസം പരിശോധിക്കേണ്ടതും കരാർ പ്രകാരമുള്ള തുക മാത്രമാണ് ഈടാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-18 ലേലം - അപാകതകൾ

1. പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ പള്ളിപ്പുറം പൊയിൽ ആകാശ് രാജ്, നടുവീട്ടിൽ, ചെറായി എന്നവർ 2024-25 വർഷത്തേക്ക് ₹14,41,602/- ന് ലേലം കൊള്ളുകയും ആയത് പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.02.2024 തീയതിയിലെ 12(1) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ലേല തുകയിൽ മൂന്നിൽ ഒരു ഭാഗം ലേലം കൊള്ളുന്ന ദിവസവും ബാക്കി തുക രണ്ടു തുല്യ ഗഡുക്കളായി (₹4,80,534/- വീതം) 30.06.2024, 30.09.2024 തീയതികളിലും ഒടുക്കുന്നതിന് 01.04.2024 തീയതിയിലെ കരാർ പ്രകാരം ധാരണയായിരുന്നതുമാണ്. എന്നാൽ ലേല തുകയിൽ ₹4,80,785/- നാളിതുവരെ ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിവരങ്ങൾ | അടവാക്കിയ തുക(₹) | കുടിശ്ശിക(₹) | രശീതി നം & തീയതി |
|---|---|---|---|---|
| 1 | ഒന്നാം ഗഡു | 4,80,534 | 0 | 1)₹4,59,384/- നം.1231206236 തീയതി.16.02.2024<br><br>2) ₹21,150/- നം.1231206291 തീയതി.17.02.2024 |
| 2 | രണ്ടാം ഗഡു | 4,80,283 | 251 | നം.1241303318 തീയതി.29.10.2024 |
| 3 | മൂന്നാം ഗഡു | 0 | 4,80,534 | - |

| | | |
|---|---|---|
| ആകെ കുടിശ്ശിക | 4,80,785/- | |

കുടിശ്ശിക വരുത്തിയ തുക ഈടാക്കുന്നതിന് 22.04.2025 തീയതിയിലെ 2025/6798/07 നമ്പർ പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ നിലവിലെ സ്ഥിതി എന്തെന്ന് രേഖകൾ സഹിതം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19 തീയതി.10.10.2025) മറുപടി ലഭിച്ചില്ല. മേൽപ്രകാരമുള്ള റവന്യൂ റിക്കവറി നടപടികളുടെ പുരോഗതി എന്തെന്ന് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതും തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

2. പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് സമർപ്പിച്ച 2024-25 വർഷത്തെ ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം വിവിധ ലേല തുകയിനത്തിൽ ₹17,73,171/- മുൻവർഷം വരെ കുടിശ്ശികയുണ്ട്. 2024-25 വർഷം ഈയിനത്തിൽ തുക പിരിച്ചെടുത്തിട്ടില്ല. കുടിശ്ശിക വരുത്തിയവരുടെ വിശദ വിവരങ്ങളും ആയത് പിരിച്ചെടുക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെന്നും ഈടാക്കിയ തുകയുടെ വിവരങ്ങളും രേഖകൾ സഹിതം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19 തീയതി.10.10.2025) മറുപടി ലഭിച്ചില്ല.
മേൽപ്രകാരമുള്ള തുകയുടെ വിശദ വിവരങ്ങൾ, ആയത് പിരിച്ചെടുക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ, ഈടാക്കിയ തുകയുടെ വിവരങ്ങൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ലേലതുകയിനത്തിൽ മുൻവർഷത്തെ ₹17,73,171/- ന് പുറമെ തൻവർഷം കുടിശ്ശിക വരുത്തിയ ₹4,80,785/- അടക്കം ആകെ ₹22,53,956/- ആണ് വിവിധ ലേലതുകയിനത്തിൽ ആകെ കുടിശ്ശിക. പഞ്ചായത്തിന്റെ പ്രധാന

വരുമാന സ്രോതസ്സെന്ന നിലയിൽ നിരന്തരം ഈയിനത്തിൽ തുക കുടിശ്ശിക വരുത്തുന്നത് അംഗീകരിക്കാനാവില്ല. തുക മുഴുവനായും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3. പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് സമർപ്പിച്ച 2024-25 വർഷത്തെ ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം ലേലതുകയിനത്തിൽ മുൻവർഷ കുടിശ്ശിക ₹17,73,171/- എന്ന് കാണുന്നു. എന്നാൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് ലേല രജിസ്റ്ററിൽ ലേല ഡി.സി.ബി പ്രകാരം മുൻവർഷ കുടിശ്ശിക ₹20,13,055/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ₹2,39,884/- വ്യത്യാസം വന്നതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19 തീയതി.10.10.2025) മറുപടി ലഭിച്ചില്ല. വാർഷിക ധനകാര്യപത്രിക, ഡി.സി.ബി സ്റ്റേറ്റ്മെന്റ് തുടങ്ങിയവ തയ്യാറാക്കുമ്പോൾ കൃത്യത പുലർത്തേണ്ടതാണ്.

## **1-19 ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്തു**

പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് 2024-25 വർഷത്തെ മരണ രജിസ്ട്രേഷൻ രേഖകൾ, സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൾ, രജിസ്റ്റർ, സേവന പെൻഷൻ വെബ് സൈറ്റ് തുടങ്ങിയവ പരിശോധിച്ചതിൽ മരണപ്പെട്ടവർക്ക് മരണപ്പെട്ട മാസത്തിന് ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്തതായി കാണുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷണർ ഐഡി& പെൻഷൻ സ്റ്റാറ്റസ് | പ്രതിമാസ പെൻഷൻ തുക &വിതരണം ചെയ്ത മാസം | മരണ തീയതി & മരണ രജിസ്ട്രേഷൻ നമ്പർ | അധികമായി വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| 1 | ശോഭ ജോളി | 106630201668, സസ്പെൻഡഡ് | 600, ജൂലൈ 2025 | 10.12.2024, 308/2024 | 600 X 7 =4,200 |
| 2 | ശാന്ത | 106630601720, സസ്പെൻഡഡ് | 1600, ജൂൺ 2023 | 23.05.2022, 42/2025 | 1600 X 13 =20,800 |
| 3 | രവീന്ദ്രൻ പി.കെ | 106620203264, സസ്പെൻഡഡ് | 600, ജൂലൈ 2025 | 12.02.2025, 48/2025 | 600 X 5 =3,000 |
| ആകെ | | | | | 28,000/- |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25 തീയതി.13.10.2025) മറുപടി ലഭിച്ചില്ല. ഗുണഭോക്താവ് മരണപ്പെട്ടതായി അറിയുന്ന അവസരത്തിൽ അന്വേഷണം നടത്തി പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് യഥാസമയം സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും തദ്ദേശ സ്ഥാപന പരിധിയിൽ സ്ഥിരതാമസമാക്കിയ പെൻഷൻ ഗുണഭോക്താക്കളുണ്ടെങ്കിലും ആയത് തൊട്ടടുത്ത മാസം 10-ാം തീയതിക്ക് മുൻപ് പ്രസ്തുത തദ്ദേശ സ്ഥാപനത്തെ അറിയിക്കേണ്ടതാണ്.

23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന ഖണ്ഡിക 22 പ്രകാരം, അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ച് അക്കൗണ്ടിലേക്ക് (A/C No.001101023000269, IFS Code: KSBK0000101) തിരികെ അടവാക്കി തീയതി, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവയുൾപ്പടെയുള്ള രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.
മരണപ്പെടുന്നവരുടെ പെൻഷൻ അക്കൗണ്ടുകൾ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നുണ്ട് എന്നും അതുവഴി സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല എന്നും ഉറപ്പാക്കുന്ന വിധത്തിൽ കൂടുതൽ കാര്യക്ഷമതയോടെ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. മരണപ്പെട്ടവരുടെ പെൻഷൻ വിതരണം തുടരുന്നത് സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് മേൽ പട്ടികയിൽ സൂചിപ്പിച്ചത്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിക്കേണ്ടതും സമാനമായ അപാകതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## **1-20 പഞ്ചായത്ത് ഓഫീസ് നവീകരണം - പ്രവൃത്തി എൽ.എസ്.ജി.ഡി.എൻജിനീയറെ കൊണ്ട് ചെക്ക് മെഷർ ചെയ്തതായി കാണുന്നില്ല.**

| | | |
|---|---|---|
| പ്രൊജക്റ്റ് | പഞ്ചായത്ത് ഓഫീസ് നവീകരണം(25/24) 2023-24 | പഞ്ചായത്ത് ഓഫീസ് നവീകരണം(180/25) 2024-25 |
| അടങ്കൽ | 2392704/- | 2275008/- |

| | | |
|---|---|---|
| | (2215008/-വികസന ഫണ്ട്)<br>(167700/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>(10000/-തനതു ഫണ്ട്) | (2265008/-വികസന ഫണ്ട്)<br>(10000/-തനതു ഫണ്ട്) |
| ചെലവ് | 167700/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br><br>50310/-(വൗച്ചർ നമ്പർ-XVFC/2023-24/P/30/28.3.24)<br>117390/-(വൗച്ചർ നമ്പർ-XVFC/2023-24/P/35/30.3.24) | 490000/-(ബിൽ നമ്പർ-40/9.5.24)<br>169379/-(ബിൽ നമ്പർ-42/9.5.24)<br>496574/-(ബിൽ നമ്പർ-41/9.5.24)<br>592176/-(ബിൽ നമ്പർ-181/9.9.24)<br>496574/-(ബിൽ നമ്പർ-182/9.9.24)<br>2244703/- |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഈ പദ്ധതി മുഖേന പഞ്ചായത്തു റെക്കോർഡ് റൂം, MGNREGS ഓഫീസ് എന്നിവയിൽ അലമാരികൾ, ഷെൽഫുകൾ നിർമ്മിക്കൽ, പ്രസിഡന്ററിന്റെ റൂം നവീകരണം എന്നിവ നിർവ്വഹിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. പഞ്ചായത്തു കമ്മിറ്റിയുടെ 30.12.2023 തീയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരം റബ്കോയെ ഈ പ്രവൃത്തി നിർവ്വഹിക്കുന്നതിനായി ചുമതലപ്പെടുത്തി. ആയതുപ്രകാരം റബ്കോ 2382708/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചതിനെ തുടർന്ന് അവർക്ക് വർക്ക് ഓർഡർ നൽകുകയും അവർ പ്രവൃത്തി പൂർത്തീകരിക്കുകയും മേൽ സൂചിപ്പിച്ചതുപ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 29695/- രൂപ റെക്കോർഡ് റൂമിന്റെ വാതിൽ ഘടിപ്പിക്കുന്നതിനായി കൂടുതൽ ചെലവാക്കിയിട്ടുണ്ട്.

എന്നാൽ ടി പ്രവൃത്തി ബന്ധപ്പെട്ട എൽ.എസ്.ജി.ഡി. എൻജിനീയർ ചെക്ക് മെഷർ ചെയ്തതായി കാണുന്നില്ല. പദ്ധതി സംബന്ധിച്ച മോണിറ്ററിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മേൽസൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/13.10.2025) 14.10.2025ന് ലഭ്യമാക്കിയ മറുപടിയിൽ ടി പ്രവൃത്തികൾ ഗുണമേന്മയുള്ളതും തൃപ്തികരവുമാണെന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടതിനാലും അക്രെഡിറ്റെഡ് ഏജൻസി ചെയ്ത വർക്ക് ആയതിനാലുമാണ് ടി പ്രവൃത്തി എൽ.എസ്.ജി.ഡി. എൻജിനീയറെ കൊണ്ട് ചെക്ക് മെഷർ ചെയ്യാതിരുന്നതെന്നും അത് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ടി പ്രവൃത്തി ബന്ധപ്പെട്ട എൽ.എസ്.ജി.ഡി. എൻജിനീയർ ചെക്ക് മെഷർ ചെയ്തതിന്റെ രേഖകളും മോണിറ്ററിങ് റിപ്പോർട്ടും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പ്രവൃത്തികൾ നടത്തുന്ന വേളയിൽ ആയതു പൂർത്തീകരിച്ച ശേഷം ബന്ധപ്പെട്ട എൽ.എസ്.ജി.ഡി. എൻജിനീയർ ചെക്ക് മെഷർ ചെയ്യേണ്ടതും ആയതിന്റെ റിപ്പോർട്ടും മോണിറ്ററിങ് റിപ്പോർട്ടും തയ്യാറാക്കി ബന്ധപ്പെട്ട ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-21 ടെൻഡർ നടപടികൾ സ്വീകരിക്കാതെ പ്രവൃത്തി നടത്തി

| | |
|---|---|
| പ്രൊജക്റ്റ് | മാലിന്യ സംസ്കരണം അനുബന്ധ പ്രവൃത്തികൾ I E C<br>പ്രവർത്തനങ്ങൾക്ക് തുക നൽകൽ (186/25) |
| അടങ്കൽ | 200,000/-(ധനകാര്യ കമ്മീഷൻ അവാർഡ് ) |
| ചെലവ് | 1,71,400/- |

| | |
|---|---|
| | (19000/- വൗച്ചർനമ്പർ - XVFC/24-25/P28/23.12.2025)<br>(16000/- വൗച്ചർനമ്പർ -XVFC/24-25/P29/27.12.2025)<br>(62400/- വൗച്ചർനമ്പർ - XVFC/24-25/P111/26.3.2025)<br>(70200/-വൗച്ചർനമ്പർ-XVFC/24-25/P112/27.3.2025)<br>(3800/- വൗച്ചർനമ്പർ - XVFC/24-25/P109/26.3.2025) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മാലിന്യം വലിച്ചെറിയൽ മുക്ത കേരളം കാമ്പയിന്റെ ഭാഗമായി വാർഡ്തല ശുചീകരണം, മാലിന്യം നിക്ഷേപിക്കുന്നതിനെതിരെയുള്ള മുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കൽ, IEC പ്രവർത്തനങ്ങൾ, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയാണ് പദ്ധതി വഴി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. ആയതിന്റെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒരു ബോർഡിന് 3,900/- രൂപ നിരക്കിൽ 34 മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചതിനായി അമൃത അഡ്വെർടൈസേഴ്സ്, പള്ളത്താംകുളങ്ങര എന്ന സ്ഥാപനത്തിന് ആകെ 1,32,600/- രൂപ നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ തീയതി വയ്ക്കാത്ത 3 ബില്ലുകൾ മുഖേനയാണ് തുക നൽകിയിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ബിൽ നമ്പർ | ബോർഡിന്റെ എണ്ണം | നിരക്ക് | ആകെ ബിൽ തുക |
|---|---|---|---|
| 431 | 10 | 3900 | 39000 |
| 439 | 16 | 3900 | 62400 |
| 440 | 8 | 3900 | 31200 |

| | | | |
|---|---|---|---|
| ആകെ | 34 | | 132600 |

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ചട്ടം 8 പ്രകാരം 5000/- രൂപയ്ക്കു മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾ നിർബന്ധമായും ടെൻഡർ ചെയ്യേണ്ടതാണ്. ഇവിടെ ബോർഡുകളുടെ എണ്ണത്തെ വിഭജിച്ചു 3 പ്രാവശ്യമായിട്ടാണ് ബോർഡ് വയ്ക്കുന്നതിനുള്ള പ്രവൃത്തി നടപ്പാക്കിയിരിക്കുന്നത്. പ്രോജക്ട് പ്രകാരം ബോർഡ് സ്ഥാപിക്കേണ്ട ഇടങ്ങൾ നേരത്തെ തീരുമാനിച്ചു ബോർഡുകളുടെ എണ്ണം കണക്കാക്കിയ ശേഷം ടെൻഡർ വിളിച്ചു പ്രവൃത്തി നടത്തുക എന്ന പ്രാഥമിക കർത്തവ്യം ഇവിടെ പാലിക്കപ്പെട്ടതായി കാണുന്നില്ല. ആയതിന് വിശദീകരണം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/10.10.2025) 14.10.2025ന് ലഭ്യമാക്കിയ മറുപടിയിൽ ബോർഡുകൾ സ്ഥാപിക്കുന്നതിന് 1,00,000 രൂപയിൽ കൂടുതൽ ചെലവ് വരില്ല എന്ന ധാരണയിൽ ആണ് ക്വട്ടേഷൻ ക്ഷണിച്ചതെന്നറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം സാഹചര്യത്തിൽ മുൻകൂട്ടി ആവശ്യം കണക്കാക്കി ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## **1-22 പൂർത്തിയാക്കിയ പ്രവൃത്തി സംബന്ധിച്ച ഫൈനൽ ബിൽ വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ല.**

1)

| | |
|---|---|
| പ്രൊജക്റ്റ് | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (293/25) |
| | |

| | |
|---|---|
| അടങ്കൽ | 22,00,000/-(ധനകാര്യ കമ്മീഷൻ സ്പെഷ്യൽ പർപ്പസ് ഗ്രാന്റ് ) |
| ചെലവ് | 22,00,000/-<br>(19,80,000/- വൗച്ചർ നമ്പർ-XVFC /24-25/P8/13.9.2024)<br>(2,20,000/- വൗച്ചർ നമ്പർ-XVFC /24-25/P8/23.9.2024) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിലെ 3, 5, 8, 10, 11, 13, 15, 16, 22, 23 വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി മേൽ സൂചിപ്പിച്ചത് പ്രകാരം വാട്ടർ അതോറിറ്റിക്ക് തുക മുൻകൂറായി നൽകിയിരുന്നു. ടി പ്രവൃത്തി പൂർത്തീകരിച്ച ശേഷം 23.8.2025 ലെ D2/DW/PPM/6457/24 നമ്പർ വിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റി ഹാജരാക്കിയിട്ടുണ്ട്. ആയതു പ്രകാരം പ്രവൃത്തിക്ക് ആകെ 1613739/- രൂപ ചെലവായിട്ടുണ്ട്. ബാക്കി 586261/- രൂപയുടെ ചെക്ക് വാട്ടർ അതോറിറ്റി പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

2)

| | |
|---|---|
| പ്രൊജക്റ്റ് | കരുത്തല മുതൽ മുനമ്പം വരെയുള്ള കുടിവെള്ള വിതരണം<br>നടത്തുന്നതിനായി കരുത്തല പാലത്തിനു അടിയിൽ<br>സ്ഥാപിച്ചിട്ടുള്ള പഴയ പൈപ്പ് ലൈനുകൾക്കു പകരം |

| | |
|---|---|
| | പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി (425/25) |
| അടങ്കൽ | 20,00,000/-<br>(ധനകാര്യ കമ്മീഷൻ സ്പെഷ്യൽ പർപ്പസ് ഗ്രാന്റ്) |
| ചെലവ് | 20,00,000/-<br>(18,00,000/- വൗച്ചർ നമ്പർ-XVFC /24-25/P75/ 15.3.2025)<br>(2,00,000/- വൗച്ചർ നമ്പർ-XVFC /24-25/P78/ 18.3.2025) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ടി പദ്ധതിയുടെ ഭാഗമായി മേൽസൂചിപ്പിച്ചത് പ്രകാരം വാട്ടർ അതോറിറ്റിക്ക് തുക മുൻകൂറായി നൽകിയിരുന്നു. പ്രവൃത്തി പൂർത്തീകരിച്ച ശേഷം 23.08.2025 ലെ D2/DW/5345/PPM/25 നമ്പർ വിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റി ഹാജരാക്കിയിട്ടുണ്ട്. ആയതു പ്രകാരം പ്രവൃത്തിക്ക് ആകെ 14,69,340/- രൂപ ചെലവായിട്ടുണ്ട്. ബാക്കി 5,30,660/- രൂപയുടെ ചെക്ക് വാട്ടർ അതോറിറ്റി പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

പൂർത്തിയാക്കിയ പ്രവൃത്തി സംബന്ധിച്ച ഫൈനൽ ബിൽ വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കിയാൽ മാത്രമേ വിനിയോഗ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയ തുകക്കുള്ള പ്രവൃത്തി നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ആയതും പണി പൂർത്തീകരിച്ചത് സംബന്ധിച്ചുള്ള ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം, പദ്ധതി മോണിറ്ററിങ് റിപ്പോർട്ട് എന്നിവ ഹാജരാക്കാൻ

ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻകയറി (നം.24/13.10.2025) നൽകിയിരുന്നുവെങ്കിലും ആയവ ഹാജരാക്കിയിട്ടില്ല. മേൽസൂചിപ്പിച്ച രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

ഭാവിയിൽ ഇത്തരം പ്രവൃത്തികൾ നടത്തുന്ന വേളയിൽ ആയതു പൂർത്തീകരിച്ച ശേഷം വാട്ടർ അതോറിറ്റിയിൽ നിന്നും ഫൈനൽ ബിൽ വാങ്ങേണ്ടതും പൂർത്തിയാക്കിയ പ്രവൃത്തിയുടെ മോണിറ്ററിങ് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.17,37,178/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2024-25ൽ സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ ഭാഗമായി താഴെപറയുന്ന സ്ഥാപനങ്ങളിൽ തുക അടവാക്കിയിട്ടുണ്ട്. ടി പ്രൊജക്റ്റുകൾ പൂർത്തീകരിച്ചതു സംബന്ധിച്ച് അതതു സ്ഥാപനങ്ങളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര്/നമ്പർ | അടവാക്കിയ തുക (ബിൽ നമ്പർ) | തുക അടവാക്കിയ സ്ഥാപനം |
|---|---|---|---|
| 1 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടി വലിക്കൽ (37/25) | 362178/-<br>(ബിൽ നം. 664/21.3.2025)<br>1000000/- | KSEB,<br>ഇലക്ട്രിക്കൽ സെക്ഷൻ, ചെറായി |

| | | | |
|---|---|---|---|
| | | (ബിൽ നം. 637/19.3.2025 ) | |
| 2 | കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (135/25) | 337500/- (വൗച്ചർ നം.XVFC/24-25/P-113/27.3.2025) 37500/- (വൗച്ചർ നം.XVFC/24-25/P-115/28.2025) | വാട്ടർ സപ്ലൈ ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, കൊച്ചി-8 |
| | ആകെ | 1737178/- | |

മേൽ സൂചിപ്പിച്ച പ്രൊജക്റ്റുകൾ പൂർത്തീകരിച്ചതു സംബന്ധിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം.10/9.10.2025) 14.10.2025ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ചത് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലെന്നും ആയതിനാൽ വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ആകെ ചെലവ് തുകയായ 17,37,178/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **1-24 കാനകളിലെയും തോടുകളിലെയും ചെളിയും മണ്ണും മാറ്റുന്നത് അപാകതകൾ**

കാനകളിലെയും തോടുകളിലെയും ചെളിയും മണ്ണും മാറ്റുന്നതിന് ഈ പഞ്ചായത്ത് വ്യത്യസ്ത നിരക്കുകളാണ് നൽകുന്നത്. ചെളിയും മണ്ണും കോരി മാറ്റുന്നതിന് നൽകാവുന്ന നിരക്ക് ഒരു എം$^3$ – ന് 103.85 - മാത്രമാണ്. മറ്റ് പഞ്ചായത്തുകളും ഈ നിരക്കാണ് നൽകുന്നത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിക്ക് കാനയിലെ ചെളി മാറ്റുന്നതിന് ഡാറ്റ – 2.6.1 – Earth Work – By Mechanical Means പ്രകാരം 214.03/എം$^3$ നിരക്ക് നൽകിയിട്ടുണ്ട്. ഇപ്രകാരം അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്.

കൂടാതെ ഇവ എല്ലാം 1000 മീറ്റർ അകലെ കൊണ്ടുപോയി കളയുന്നതിന് ഡാറ്റ ഐറ്റം OD249571/24-25 പ്രകാരം ഒരു എം$^3$ – ന് 34.79 രൂപയും നൽകിയിട്ടുണ്ട്.

കൂടാതെ പ്രവൃത്തികൾക്ക് മാൻ കൂലി കണക്കാക്കുകയും അത് പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്.

1.

| | |
|---|---|
| പ്രവൃത്തി | കാനകൾ ശുചീകരണം-വിവിധ വാർഡുകൾ |
| പ്രൊജക്ട് | 31 /25 |
| എസ്റ്റിമേറ്റ് | 8,86,640/- |
| കരാറുകാരൻ | എ. ടി. സന്തോഷ് |
| ആകെ ചെലവ് | ₹ 4,23,310 - 2$^{nd}$ And Final Bill |
| നൽകിയ തുക | ₹2,62,614 ബിൽ നം. 880, 23/3/25<br>( GST- 28137) |

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം വിവിധ കാനകൾ ആകെ 20240 (23 X 880) മീറ്റർ നീളത്തിൽ ചെളി മാറ്റുകയാണ് പ്രവൃത്തി. ഇതിനായി എസ്റ്റിമേറ്റ് പ്രകാരം

പുരുഷകൂലിയായി 232 X 878.79 /എം$^3$ = 2,03,879

മണ്ണും ചെളിയും കളയുന്നതിന് Data – 2.6.1 - 2430 എം$^3$ X 214.04 /എം$^3$ = 5,20,157

മണ്ണും ചെളിയും കളയുന്നതിന് - 1943.040 എം$^3$ X 34.79/എം$^3$= 67,598

എം ബുക്ക് പ്രകാരം ഈ പ്രവൃത്തിക്ക്

പുരുഷകൂലി ഇനത്തിൽ - 290 X 800 = 2,32,000/-

ചെളി കോരി മാറ്റിയത് എടുത്ത് മാറ്റുന്നതിന് ഡാറ്റ ഐറ്റം 2.6.1 പ്രകാരം - 660.910 എം$^3$ X 207/എം$^3$ = 1,36,808/- രൂപയും

ഈ വെയ്സ്റ്റ് എല്ലാം 1000 മീറ്റർ അകലെ കൊണ്ടുപോയി കളയുന്നതിന് - 457.404 എം$^3$ X 20/എം$^3$ = 9,148/- രൂപയുമാണ് ചെലവ്.

ഈ പ്രവൃത്തിക്ക് ആകെ ചെലവ് - 3,77,956/-

ജി.എസ്.ടി - 45354/-

ആകെ - 4,23,310/-

**<u>ഓഡിറ്റ് പരാമർശം</u>**

ഈ പ്രവൃത്തിക്ക് പുരുഷകൂലി കണക്കാക്കിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. സാധാരണ കാനയുടെ സ്ലാബ് പിടിച്ചിടുന്നതിനാണ് പുരുഷകൂലി നൽകുന്നത്.

എസ്റ്റിമേറ്റ് പ്രകാരം വിവിധ കാനകൾ ആകെ 20240 മീറ്റർ നീളത്തിൽ 2,430എം$^3$ മണ്ണ് മാറ്റുന്നതിനാണ് 230 പുരുഷ കൂലി കണക്കാക്കിയത്. ഇത് പോലും എപ്രകാരമാണ് കണക്കാക്കിയത് എന്ന് വ്യക്തമല്ല. എന്നാൽ എം ബുക്ക് പ്രകാരം കേവലം 3507 മീറ്റർ നീളത്തിൽ (660.910 എം$^3$ മണ്ണ്) മാത്രമാണ് കാനയുടെ ചെളി മാറ്റിയത്. ഇതിനായി പുരുഷകൂലിയായി 290 കണക്കാക്കുകയും 290 Nos X 800/E = 2,32,000/- രൂപ നൽകുകയും ചെയ്തു. ശരിയായ പുരുഷ കൂലി കണക്കാക്കി അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 11/9-10-25 – നുള്ള മറുപടിയിൽ സൈറ്റ് കണ്ടീഷൻ അനുസരിച്ചാണ് കൂടുതൽ മാൻ കൂലി ആവശ്യമായി വന്നത് എന്നാണ്. ഓടയിലെ കവർ സ്ലാബുകൾ ഏകദേശം 15–20 എണ്ണം പുനഃസ്ഥാപിക്കുന്നതിനാണ് ഒരു പുരുഷ കൂലി കണക്കാക്കിയത് എന്നാണ്.

മറുപടി പൂർണ്ണമല്ല. മാൻ കൂലി എപ്രകാരം കണക്കാക്കി എന്ന് വ്യക്തമല്ല. ആയതിനാൽ ചെയ്ത പ്രവൃത്തിയുടെ അളവിന് അനുസൃതമായി മാൻ കൂലി കണക്കാക്കി അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

## <u>1-25 ബീച്ച് ടോയ്‌ലറ്റ് നവീകരണം അപാകതകൾ</u>

| | |
|---|---|
| പ്രവൃത്തി | ബീച്ച് ടോയ്‌ലറ്റ് നവീകരണം |
| എസ്റ്റിമേറ്റ് | ₹5,00,000 |
| പ്രോജക്ട് നം. | 211/25 |
| കരാറുകാരൻ | രാജേഷ് കെ. വി. |

| | |
|---|---|
| ചെലവായ തുക | ₹4,23,385 – ബിൽ നം. 882, 23-03-2025 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |

പ്രോജക്ട് പ്രകാരം ബീച്ച് ടോയ്‌ലറ്റ് നവീകരണം ചെയ്യുകയാണ് പ്രവൃത്തി.

എസ്റ്റിമേറ്റ് പ്രകാരം ഇതിൽ കെട്ടിടത്തിന്റെ 136.517എം$^2$ റൂഫിംഗ് ചെയ്യുന്നതിന് ആവശ്യമായ സ്ട്രക്ച്ചർ വർക്ക് ചെയ്യുന്നതിന് - ഇനം 10.16.1 – പ്രകാരം 1229.688 Kg X 168.82/Kg = 2,07,596 വകയിരുത്തിയിരുന്നു.

എം ബുക്ക് പ്രകാരം 136.517 എം$^2$ റൂഫിംഗ് ചെയ്യുകയും ഇതിന് ആവശ്യമായ സ്ട്രക്ച്ചർ വർക്ക് ചെയ്തതിന് - ഇനം 10.16.1 – പ്രകാരം 1229.688 Kg X 175.24 /Kg = 2,15,490 രൂപ നൽകിയിട്ടുണ്ട്. (ഈ ഇനത്തിലെ ഡാറ്റയിൽ മെറ്റീരിയലിന്റെ വില ₹57/ Kg മാത്രമാണ്. ബാക്കിയെല്ലാം ലേബർ ചാർജ് ആണ്. )

ചെയ്ത പ്രവൃത്തി "Structural Steel Work In Single Section" – ആയതിനാൽ ഇതിന് നൽകാവുന്ന ഇനം 10.1 പ്രകാരമുള്ള ₹101.27/എം$^3$ മാത്രമാണ്.

അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 12/9-10-2024- ന് ലഭിച്ച മറുപടി ഇനം 10.1 പ്രകാരമുള്ള പ്രവൃത്തി Angles, Channels ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തിയാണ് എന്നാണ്. മറുപടി പൂർണ്ണമല്ല. ഈ പ്രവൃത്തിയിൽ ചെയ്തിട്ടുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ ശരിയായ ഡാറ്റ തയ്യാറാക്കി അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

# 1-26 കാവാലംകുഴി ബൈ റോഡ് ടൈൽ വിരിക്കൽ- അപാകതകൾ

താഴെ പറയുന്ന പ്രവൃത്തിക്ക് കോൺക്രീറ്റിംഗ് കട്ടയുടെ സൈഡ് കോൺക്രീറ്റിംഗ് അധികം അളവ് ചെയ്തതിന്റെ കാരണം വ്യക്തമല്ല.

| | |
|---|---|
| പ്രവൃത്തി | കാവാലംകുഴി ബൈ റോഡ് ടൈൽ വിരിക്കൽ |
| എസ്റ്റിമേറ്റ് | ₹7,50,000 |
| പ്രോജക്ട് നം | 227/25 |
| കരാറുകാരൻ | വി. ഒ. ജോസ്. |
| ചെലവായ തുക | ₹7,57,605 (ബിൽ നം. 283, 29-6-24) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| ഫണ്ട് | തനത് ഫണ്ട് |

എസ്റ്റിമേറ്റ് പ്രകാരം 150 മീറ്റർ റോഡ് -GSB ചെയ്ത് 456എം$^2$ കോൺക്രീറ്റ് കട്ട വിരിച്ച് അതിന്റെ ഇരുവശവും 10cm, 15cm വീതിയിൽ കോൺക്രീറ്റിംഗ് ചെയ്യുകയാണ് പ്രവൃത്തി.

എസ്റ്റിമേറ്റ് പ്രകാരം

GSB ചെയ്യുന്നത് 65.225 എം$^3$ X 2921.17/എം$^3$ = 1,90,533.31

കട്ട വിരിക്കുന്നത് - OD150600/2023-24 = 456എം$^2$ X 826.97/എം$^2$ = 377098

സൈഡ് കോൺക്രീറ്റിംഗ് - 75.8.1.1.A - 8.475എം$^3$ X 7977.65.

എം ബുക്ക് പ്രകാരം ചെയ്തത്

GSB ചെയ്യുന്നത് 61.686 എം$^3$ X 3300/എം$^3$ = 2,03,564

കട്ട വിരിക്കുന്നത് - OD150600/2023-24 = 331.199 എം$^2$ X 890/എം$^2$ = 2,94,767

സൈഡ് കോൺക്രീറ്റിംഗ് - 75.8.1.1.A - 16.116 എം$^3$ X 8917.039 = 1,43,707

ഈ പ്രവൃത്തിയിൽ പല സ്ഥലത്തും ഒരു മീറ്റർ അധികം വീതിയിൽ സൈഡ് കോൺക്രീറ്റിംഗ് ചെയ്തതായി എംബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. എല്ലായിടത്തും കോൺക്രീറ്റിംഗ് ചെയ്തത് 0.15m കനത്തിലാണ്. ഇപ്രകാരം ആകെ 107.44 എം$^2$ സ്ഥലത്താണ് കോൺക്രീറ്റിംഗ് ചെയ്തത്. കോൺക്രീറ്റിംഗ് ചെയ്തതിന് ഒരു എം$^2$ന് 1337.75/- രൂപ പ്രകാരം ചെലവ് വന്നിട്ടുണ്ട്.

കട്ട വിരിക്കുന്ന പ്രവൃത്തി ഒഴിവാക്കി ആ ഭാഗം കോൺക്രീറ്റിംഗ് ചെയ്തതിനാൽ ഒരു എം$^2$ – ന് 447.75 (1337.75 – 890) രൂപ അധികം ചെലവായിട്ടുണ്ട്. ഇപ്രകാരം ഒരു കാരണവും കാണിക്കാതെ കട്ട വിരിക്കുന്നത് ഒഴിവാക്കി കോൺക്രീറ്റിംഗ് ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്. ഇപ്രകാരം കോൺക്രീറ്റിംഗ് ചെയ്യാനുള്ള കാരണവും വ്യക്തമല്ല.

ഓഡിറ്റ് എൻകയറി 14/9-10-2025 – ന് മറുപടി ലഭിച്ചില്ല.

ഒരു കാരണവും കാണിക്കാതെ കോൺക്രീറ്റ് കട്ട വിരിക്കുന്നത് ഒഴിവാക്കി കോൺക്രീറ്റിംഗ് ചെയ്തത് കാരണം അധികം ചെലവായ തുക കണക്കാക്കി ഈടാക്കേണ്ടതാണ്.

## 1-27 വാർഡ് 18 കോവിലുങ്കൽ റോഡിൽ കാന നിർമ്മാണം - 3,47,178/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രവൃത്തി | വാർഡ് 18 കോവിലുങ്കൽ റോഡിൽ കാന നിർമ്മാണം |
| പ്രൊജക്ട് | 245/25 |
| എസ്റ്റിമേറ്റ് | ₹3,50,000 |
| കരാറുകാരൻ | രാജേഷ് വി.എസ് |
| ആകെ ചെലവ് | ₹3,47,178<br>(ബിൽ നം. 298, 01-07-2024 ₹1,60,000<br>ബിൽ നം. 33, 24-05-2023 ₹1,87,178) |

എസ്റ്റിമേറ്റ് പ്രകാരം നിലവിലെ 59 മീറ്റർ കാന നിർമ്മിക്കുകയും കാനയുടെ മുകളിൽ കവറിംഗ് സ്ലാബ് ഇടുകയും ആണ് പ്രവൃത്തി.

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി താഴെ കൊടുക്കുന്നു

സ്ലാബ് പണിയുന്നത് (11.4.4.) - Side Drain – 114 Nos X 0.50 X 0.80 X 0.15 = 6.840എം$^3$

Cross Drain - 2.9 X 0.9 X 0.15 = 0.348എം$^3$

ആകെ - 7.188 എം$^3$

സ്ലാബിന് ആവശ്യമായ കമ്പി - 7.188 എം$^3$ X 0.130 Tonne/എം$^3$ =0.934 Tonne (Estimate Rate – 87981.22/Tonne)

എംബുക്ക് പ്രകാരം ചെയ്ത പ്രവൃത്തി

ആകെ സ്ലാബ് പണിതത് - 7.215എം$^3$ (₹61,967)

ഇതിന് ഉപയോഗിച്ച കമ്പിയുടെ തൂക്കം - 1138 കിലോ (1138 X 87.98122/Kg = 1,00,123)

ഓഡിറ്റ് പരാമർശം

എസ്റ്റിമേറ്റ് പ്രകാരം ഒരു എം$^3$ – ന് 130 കിലോ കമ്പി കണക്കാക്കുകയും എന്നാൽ എംബുക്ക് പ്രകാരം 157.727 കിലോ കമ്പി ഉപയോഗിക്കുകയും ചെയ്തിരിക്കുന്നു. ഇത്രയും അധികം കമ്പി ഉപയോഗിച്ചത് അന്വേഷിക്കേണ്ടതാണ്. അധികം നൽകിയ കമ്പി കണക്കാക്കി തുക ഈടാക്കേണ്ടതാണ്.

മറ്റ് എല്ലാ പ്രവൃത്തികൾക്കും പരമാവധി 100 കിലോ കമ്പി മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത് (രണ്ട് ലെയർ ഇട്ടത്). എസ്റ്റിമേറ്റിൽ ഇത്രയും അധികം കമ്പിയുടെ തൂക്കം കണക്കാക്കിയതിനും വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 15/9-10-2025 – ന് മറുപടി ലഭിച്ചില്ല. അധികം ഉപയോഗിച്ച കമ്പിയുടെ തൂക്കം കണക്കാക്കി അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

പ്രവൃത്തിയുടെ തുക 3,47,178 /- രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 വൈദ്യരുപടി റോഡ് മുതൽ പൊന്നാഞ്ചേരി രാജേഷിന്റെ റോഡ് വരെ കാന - അപാകതകൾ

| | |
|---|---|
| പ്രവൃത്തി | വൈദ്യരുപടി റോഡ് മുതൽ പൊന്നാഞ്ചേരി രാജേഷിന്റെ റോഡ് വരെ കാന |
| പ്രൊജക്ട് | 258/25 |
| എസ്റ്റിമേറ്റ് | ₹4,50,000 |
| കരാറുകാരൻ | ഷാജു എസ്. ആർ. |
| ആകെ ചെലവ് | ₹4,58,017 (ബിൽ നം. 507, 20-12-2024) |

എസ്റ്റിമേറ്റ് പ്രകാരം നിലവിലെ 115 മീറ്റർ കാന നിർമ്മിക്കുകയും കാനയുടെ മുകളിൽ കവറിംഗ് സ്ലാബ് ഇടുകയും ആണ് പ്രവൃത്തി.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങൾ താഴെ കൊടുക്കുന്നു.

സ്ലാബ് പണിയുന്നത് (11.4.4.) - Side Drain – 115 Nos X 1.00x 0.70 X 0.12 = 9.660

സ്ലാബിന് ആവശ്യമായ കമ്പി - 9.660എം$^3$ X 0.0890 Tonne/എം$^3$ =0.860 Tonne (Estimate Rate – 87981.22/Tonne)

ഈ പ്രവൃത്തിയുടെ എംബുക്ക് പ്രകാരം ആകെ സ്ലാബ് പണിതത് - 7.770എം$^3$ (66,736 രൂപ)

ഇതിന് ഉപയോഗിച്ച കമ്പിയുടെ തൂക്കം - 1.024 Tonne ( 1.024 X 87981.22/Tonne = 90,093)

ഓഡിറ്റ് പരാമർശം

എസ്റ്റിമേറ്റ് പ്രകാരം ഒരു എം$^3$ – ന് 86കിലോ കമ്പി കണക്കാക്കുകയും എന്നാൽ എംബുക്ക് പ്രകാരം 131.79 കിലോ കമ്പി ഉപയോഗിക്കുകയും ചെയ്തിരിക്കുന്നു. മാത്രമല്ല ഈ സ്ലാബിന്റെ കനം 12 സെ.മീ. മാത്രമാണ്. എന്നാൽ സ്ലാബിന് രണ്ട് ലെയർ കമ്പി ഇട്ടിരിക്കുന്നു. 12 സെ.മീ. കനമുള്ള സ്ലാബിന് രണ്ട് ലെയർ കമ്പി ഇടാൻ സാധ്യമല്ല എന്നിരിക്കേ രണ്ട് ലെയർ കമ്പിയുടെ തുക നൽകിയത് അംഗീകരിക്കുന്നില്ല. അധികം നൽകിയ കമ്പിയുടെ തൂക്കം കണക്കാക്കി തുക ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 16/9-10-2025 – ന് മറുപടി ലഭിച്ചില്ല. അധികം ഉപയോഗിച്ച കമ്പിയുടെ അളവ് കണക്കാക്കി അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

## 1-29 എർത്ത് വർക്ക് എക്സ്കവേഷൻ പ്രവൃത്തി - ചെയ്യുന്ന പ്രവൃത്തിയുടെ നിരക്ക് നൽകേണ്ടതാണ്.

എർത്ത് വർക്ക് എക്സ്കവേഷൻ പ്രവൃത്തി മാനുവൽ ആയി ചെയ്യുന്നതിന് ഡാറ്റ ഇനം 3.5.1 " Excavation In Cutting Soil By Manual Means - പ്രകാരമുള്ള നിരക്ക് 358.50/എം$^3$ ആണ്. എന്നാൽ JCB ഉപയോഗിച്ചോ മറ്റ് മെക്കാനിക്കൽ പ്രകാരമോ ചെയ്യുന്നതിന് ഡാറ്റ ഇനം 2.61 " Excavation In Cutting Soil By Mechanical Means ---- പ്രകാരമുള്ള നിരക്ക് 214.03 / എം$^3$ ആണ്.

എന്നാൽ പഞ്ചായത്ത് ചില പ്രവൃത്തികൾ ഇനം 2.61 " Excavation In Cutting Soil By Mechanical Means ---- പ്രകാരം ചെയ്യുന്ന പ്രവൃത്തികൾക്ക് ഡാറ്റ ഇനം 3.5.1 " Excavation In Cutting Soil By Manual Means ---- പ്രകാരമുള്ള നിരക്ക് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും തുക നൽകുന്നതും. മാത്രമല്ല 3.5.1 പ്രകാരമുള്ള നിരക്കിനേക്കാൾ കൂടിയ നിരക്കിലാണ് പ്രവൃത്തി ചെയ്യുന്നത്.

ഒരു ഉദാഹരണം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | S0 334/25 |
| പ്രവൃത്തി | കൊട്ടിക്കൽ ബീച്ച് സെൻട്രൽ ലിങ്ക് റോഡ് നിർമ്മാണം |
| കരാറുകാരൻ | ബെന്നി വി. സി. |
| എസ്റ്റിമേറ്റ് | ₹25,50,000 |
| ചെലവ് തുക | ₹26,36,710 |
| ഫണ്ട് | മെയിന്റനൻസ് റോഡ് |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |

ഈ പ്രൊജക്റ്റിൽ 195 മീറ്റർ റോഡ് സംരക്ഷണഭിത്തി നിർമ്മിച്ച് കട്ട വിരിക്കുകയാണ് പ്രവൃത്തി.

ഈ പ്രവൃത്തിയിൽ മണ്ണ് മാറ്റുന്നതിന് ഡാറ്റ ഇനം 3.5.1 " Excavation In Cutting Soil By Manual Means ---- പ്രകാരം 127.725എം$^3$ X 358.50/എം$^3$ =45,789രൂപ ഉൾപ്പെടുത്തിയിരുന്നു. എം ബുക്ക് പ്രകാരം ഈ പ്രവൃത്തി ചെയ്തതിന് 90.321 എം$^3$ X 392.56/എം$^3$ = 35,456 രൂപ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് ഡാറ്റ ഇനം 2.6.1 " Excavation In Cutting Soil By Mechanical Means ---- പ്രകാരമുള്ള നിരക്ക് 214.03 /എം$^3$ ആണ്.

പ്രവൃത്തി ചെയ്തതിന്റെ ശരിയായ ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതും അപ്രകാരം തുക നൽകേണ്ടതുമാണ്.

ഈ പ്രവൃത്തിയുടെ ശരിയായ നിരക്ക് കണക്കാക്കി അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻകചയറി 17/9-10-2025- നുള്ള മറുപടിയിൽ ചീഫ് എൻജിനിയറുടെ സർക്കുലർ പ്രകാരമാണ് ഡാറ്റ ഇനം 3.5.1 പ്രകാരമുള്ള നിരക്ക് നൽകിയത് എന്നാണ് അറിയിച്ചത്. മറുപടി പൂർണ്ണമല്ല. ഇത് മെക്കാനിക്കൽ പ്രവൃത്തിയായതിനാൽ ഇതിന് നൽകാവുന്ന നിരക്ക് 2.6.1 " Excavation In Cutting Soil By Mechanical Means പ്രകാരമുള്ള നിരക്ക് 214.03/എം$^3$ ആണ്. ആയതിനാൽ അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്.

## 1-30 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്-ടെണ്ടർ നടപടി ക്രമങ്ങളിൽ അപാകത.

| | |
|---|---|
| പ്രോജക്ട് നമ്പർ/ തീയതി | 121/25<br>മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് ഓഫീസർ |
| പദ്ധതി അടങ്കൽ | 937500 /- വികസന ഫണ്ട്(പൊതു വിഭാഗം) |
| ചെലവ് | 562500/-<br>375000/-<br>(ആകെ-937500/-) |
| ബിൽ നമ്പർ/ തീയതി | 474/06.03.25<br>475/06.03.25 |

പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ 2024-25 കാലയളവിൽ ഫിഷറീസ് ഓഫീസർ നിർവ്വഹണം നടത്തിയ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് എന്ന പ്രോജക്ടിൽ 25 ലാപ്ടോപ്പുകൾ "എക്സ്ട്രീം ഐറ്റി സൊലൂഷൻസ് " എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.E/SL/24-25/74 തീയതി 14.02.25 & ഇൻവോയ്സ് നം.E/SL/24-25/75 തീയതി 15.02.25 പ്രകാരം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) ജി.ഒ(പി)നം.7/19/എസ്.പി.ഡി തീയതി 26-04-2019 പ്രകാരവും GeM ൽ 10.07.2024 ൽ വരുത്തിയ ഭേദഗതികൾ പ്രകാരവും, എല്ലാ സർക്കാർ വകുപ്പുകളും 50000/- രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ് ആയതിൽ 50000 രൂപയ്ക്കും 5,00,000 രൂപയ്ക്കും ഇടയ്ക്കുള്ള

വാങ്ങലുകളിൽ കുറഞ്ഞത് മൂന്ന് സേവന ദാതാക്കളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. ജെം മുഖേന ലാപ്ടോപ്പ് വാങ്ങൽ നടത്തിയെങ്കിലും ടെണ്ടർ നടപടികളിൽ "എക്സ്ട്രീം ഐറ്റി സൊലൂഷൻസ്" എന്ന ഒരു സേവന ദാതാവ് (സപ്ലയർ) വിതരണം ചെയ്യുന്ന വിവിധ കമ്പനികളുടെ ലാപ്ടോപ്പുകൾ ഉൾക്കൊള്ളിച്ച് താരതമ്യം ചെയ്തു വാങ്ങുകയാണ് ഉണ്ടായത്, കുറഞ്ഞത് മൂന്ന് സേവന ദാതാക്കളെ ഉൾക്കൊള്ളിച്ച് താരതമ്യം നടത്തി അതിൽ നിന്നും കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത സേവന ദാതാവിന്റെ തിരഞ്ഞെടുക്കൽ പ്രക്രിയ നടന്നിട്ടില്ല. ഇവിടെ സേവന ദാതാവ് വിവിധ ബ്രാന്റുകളുടെ ലാപ്ടോപ്പ് വിപണനം നടത്തുന്ന ഡീലർമാരായതിനാൽ, പർച്ചേസിംഗ് കമ്മറ്റിയുടെ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്ടോപ്പ് വാങ്ങുമ്പോൾ കുറഞ്ഞ നിരക്ക് കോട്ട് ചെയ്യുന്ന ഡീലറെയാണ് തെരഞ്ഞെടുക്കേണ്ടിയിരുന്നത്. മൂന്നു സേവന ദാതാക്കളെ ഉൾക്കൊള്ളിക്കാതെ ടെണ്ടർ നടപടികളിൽ ഇപ്രകാരം അപാകത ഉണ്ടായതായി കാണുന്നു.

2) കരാർ പൂർണ്ണമല്ല; എക്സ്ട്രീം ഐറ്റി സൊലൂഷൻസ് എന്ന സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഒപ്പു വെച്ചിട്ടില്ല. കരാർ അപൂർണ്ണമായതിനാൽ ലാപ്ടോപ്പുകളുടെ വാറന്റി, വിൽപ്പനാനന്തര സേവനങ്ങൾ എപ്രകാരം ഉറപ്പാക്കി എന്നു വ്യക്തമല്ല.

3) ബി.അരുൺ മണികണ്ഠൻ, (S/O ജയ മുകുന്ദൻ, വാർഡ് 6), എന്ന ഗുണഭോക്താവിന്റെ ഇതേ ആനുകൂല്യം മുൻവർഷങ്ങളിൽ ലഭിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) സ്റ്റോക്ക് രജിസ്റ്ററിൽ ഉപകരണത്തിന്റെ സീരിയൽ നം., വാറന്റി വിവരം തുടങ്ങിയവ രേഖപ്പെടുത്തി കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി നം.1/06.10.2025 നല്കിയതിൻ ഫലമായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധകുറവ് മൂലം സംഭവിച്ച അപാകതയാണ് എന്നും ഇത്തരം അപാകത തുടർന്നും സംഭവിക്കാതിരിക്കാൻ ശ്രദ്ധിച്ചു കൊള്ളാം എന്നും മറുപടി ഹാജരാക്കിയിട്ടുണ്ട്.

സ്റ്റോക്ക് രജിസ്റ്റർ ചട്ടപ്രകാരം എഴുതി സൂക്ഷിക്കേണ്ടതും, ഇതേ ആനുകൂല്യം മുൻവർഷങ്ങളിൽ ലഭിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിലുണ്ടെന്നും, ടെണ്ടർ നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതുമാണ്. അപ്രകാരം ഭാവിയിൽ ശ്രദ്ധിക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-31 മെഡിക്കൽ ഓഫീസർ, ആയുർവേദം - സിദ്ധ, ആയുർവേദ മരുന്നുകൾ ലഭ്യമായിട്ടില്ല-₹84871 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | 40/25 |
| പ്രോജക്റ്റ് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം. |
| പ്രോജക്റ്റിന്റെ പേര് | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ. |
| ആകെ അടങ്കൽ തുക | ₹10,00,000/-<br>( റോഡിതരം -മെയിന്റനൻസ് ഫണ്ട് ) |

| | |
|---|---|
| ആകെ ചെലവ് | ₹10,00,000/- |
| ബിൽ നം./തീയതി | ₹5,00,000/-, 455/25.02.25 (ഔഷധി)<br>₹5,00,000/-, BRN No.24110 75201 27013 78514/ 24.03.25 (ഔഷധി) |
| പ്രൊഫോർമ ഇൻവോയ്സ് നം./ തുക | 1. EG42-227155/ 14.01.25/₹5,00,000/-<br>2. EG42-222560/ 11.11.24 /₹5,00,000/- |
| ഇൻവോയ്സ് നം. /തീയതി/ തുക | 1) EG42/90382290/30.03.25 ₹470348/-<br>2) EG42/90393918/28.08.25 ₹21714/-<br>3) EG42/90365922/17.12.24 ₹108394/-<br>4) EG42/90368304/31.12.24 ₹285303/-<br>5) EG42/90375638/26.02.25 ₹92894/-<br>6) EG42/90380396/29.03.25 ₹13410/- |

മേൽ പദ്ധതിയിൽ, മരുന്ന് വാങ്ങുന്നതിനായി ₹10,00,000/- ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപറേഷൻ കേരള ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ ആയുർവേദ ആശുപത്രിയിലേക്ക് ₹9,92,062/- യുടെ മരുന്ന് മാത്രമേ ഇൻവോയ്സ് പ്രകാരം ലഭിച്ചിട്ടുള്ളൂ. ബാക്കിയുള്ള ₹7,938/-യുടെ മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ല. ബാക്കിയുള്ള മരുന്ന് ആയുർവേദ ആശുപത്രിയിലേക്ക് ലഭ്യമാക്കിയതിന്റെ ടാക്സ് ഇൻവോയ്സ്, സാക്ഷ്യപ്പെടുത്തിയ, സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ് സഹിതം പരിശോധനയ്ക്കായി ഹാജരാക്കുന്നതുവരെ ₹7,938/- തടസ്സപ്പെടുത്തുന്നു.

II

| | |
|---|---|
| പ്രോജക്ട് നം. | 43/25 |
| | |

| | |
|---|---|
| പ്രോജക്റ്റ് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം. |
| പ്രോജക്റ്റിന്റെ പേര് | സിദ്ധ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ. |
| ആകെ അടങ്കൽ തുക | ₹8,00,000/-<br>( റോഡിതരം -മെയിന്റനൻസ് ഫണ്ട് ) |
| ആകെ ചെലവ് | ₹8,00,000/- |
| തുക/ബിൽ നം./തീയതി | 1) ₹4,60,000/-/BRN No.24110 75201 27013 78545 (IMPCOPS Ltd)<br>2) ₹1,40,000/-, 89/28.06.2024 ( IMPCOPS Ltd)<br>3) ₹2,00,000/-, 71/21.06.24(ഔഷധി) |
| പ്രൊഫോർമ ഇൻവോയ്സ് നം. | 1) ₹4,60,000/-, PITVM0159/02.01.2025 |
| തുക/ഇൻവോയ്സ് നം. /തീയതി | 1)₹101620/TVM/25-26/0708<br>2)₹4763/TVM/25-26/0709<br>3)₹25728/TVM/25-26/1147<br>4)₹56232/TVM/25-26/0978<br>5)39202/TVM/25-26/0784<br>6)113961/TVM/25-26/0593<br>7)8434/TVM/25-26/0594<br>8)33127/TVM/25-26/1521 |

മേൽ പദ്ധതിയിൽ, മരുന്ന് വാങ്ങുന്നതിനായി ₹8,00,000/- (200000+600000) ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപറേഷൻ കേരള ലിമിറ്റഡിനും IMPCOPS Ltd നും കൂടി നൽകിയിട്ടുണ്ട്. അതിൽ IMPCOPS Ltd ന് നൽകിയ ₹4,60,000/- യിൽ ₹3,83,067/- യുടെ

മരുന്ന് മാത്രമേ സിദ്ധ ആശുപത്രിയിലേക്ക് ലഭിച്ചിട്ടുള്ളൂ. ബാക്കിയുള്ള ₹76,933/- യുടെ മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ല. ബാക്കിയുള്ള മരുന്ന് സിദ്ധ ആശുപത്രിയിലേക്ക് ലഭ്യമാക്കിയതിന്റെ ടാക്സ് ഇൻവോയ്സ്, സാക്ഷ്യപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ് സഹിതം പരിശോധനയ്ക്കായി ഹാജരാക്കുന്നതുവരെ ₹76,933/- തടസ്സപ്പെടുത്തുന്നു.

മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രോജക്ടുകളിലെ അപാകതകൾക്ക് (പട്ടിക I & II) വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.08/09.10.2025) മറുപടി ലഭ്യമാക്കിയില്ല.

## 1-32 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.-പ്രോജക്ട് ചെലവ് രേഖകളും, ഫയലുകളും ഹാജരാക്കിയില്ല-₹7,35,652/- തടസ്സപ്പെടുത്തുന്നു

### I താഴെ ചേർക്കുന്ന പ്രോജക്ടുകളുടെ മുഴുവൻ ചെലവ് രേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര് / അടങ്കൽ | പ്രോജക്ടിന്റെ ചെലവ്/ ബിൽ നം./ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1. | 173/25(SO) | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | പാലിയേറ്റീവ് ഹോം കെയർ പദ്ധതി(SO) ₹164498/- | **₹164498/-** 1)136/12.07.2024 56032/- 2)14/09.05.2024 52580/- 3)15/09.05.2024 55886/- | ₹56,032/- യുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ബാക്കിയുള്ള |

| | | | | | |
|---|---|---|---|---|---|
| | | | ( വികസന ഫണ്ട് ) | | ₹1,08,466/-യുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 2. | 84/25 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | പാലിയേറ്റീവ് ഹോം കെയർ പദ്ധതി ₹7,00,000/- ( വികസന ഫണ്ട് ) | **₹647420/-**<br>1)60/11.0.24, ₹52580/-<br>2)61/11.06.24, ₹54100/-<br>3)129/06.7.24, ₹52580/-<br>4)148/02.08.24, ₹52580/-<br>5) 220/08.10.24, ₹52580/-<br>6)221/08.10.24, ₹1200/-<br>7)301/16.12.24, ₹52580/-<br>8)302/16.12.24, ₹52580/-<br>9)325/24.12.24, ₹52580/-<br>10)390/20.01.25,₹52580/-<br>11)532/10.03.25, ₹52580/-<br>12)533/10.03.25, ₹52580/-<br>13)589/15.03.25, ₹66320/- | ₹5,94,840/- യുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ബാക്കിയുള്ള ₹52,580/- (ബിൽ നം. 533/ 10.3.25) യുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. |

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ മേൽ പട്ടികയിലെ പ്രോജക്കുകളുടെ മുഴുവൻ ചെലവ് രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മുഴുവൻ ചെലവ് രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ (₹108466/- + ₹52580/-) ₹161046/- തടസ്സപ്പെടുത്തുന്നു.

**II <u>താഴെചേർക്കുന്ന പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.</u>**

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര് / അടങ്കൽ | പ്രോജക്ടിന്റെ ചെലവ്/ ബിൽ നം./തീയതി |
|---|---|---|---|---|
| 1. | 169/25 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി – മരുന്ന് വാങ്ങൽ(SO)<br>₹57966/- ( വികസന ഫണ്ട് ) | ₹12529/-<br>17/09.05.24 |
| 2. | 174/25 | ” | സമഗ്ര പകർച്ചവ്യാധി നിയന്ത്രണ പരിപാടി- ആരോഗ്യജാഗ്രത(SO)<br>₹487300/- ( വികസന ഫണ്ട് ) | **<u>₹452641/-</u>**<br>1) 19/09.05.2024<br>₹49960/-<br>2) 20/09.05.2024<br>₹40040/-<br>3) 21/09.05.2024<br>₹259350/-<br>4) 22//09.05.2024<br>₹10800/-<br>5) 23/09.05.2024<br>₹14400/-<br>6) 24/09.05.2024<br>₹50991/-<br>7) 25/09.05.2024<br>₹27100/- |
| 3. | 175/25 | ” | ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി(SO) | 18/09.05.2024<br>₹18290/- |

| | | | | |
|---|---|---|---|---|
| | | | ₹50,000/-( വികസന ഫണ്ട് ) | |
| 4. | 176/25 | ” | ജീവിതശൈലി രോഗനിയന്ത്രണം(SO) ₹91147/-( വികസന ഫണ്ട് ) | 16/09.05.2024 ₹91146/- |
| | | | ആകെ ചെലവ് | ₹5,74,606/- |

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകളോടനുബന്ധിച്ച് എൻക്വയറി(നം.26/13.10.2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചിരിക്കുന്ന ചെലവ് രേഖകളും ഫയലുകളും പരിശോധനയ്ക്കായി ഹാജരാക്കി, ബോധ്യപ്പെടുത്തുന്നതുവരെ മേൽ പ്രോജക്ടുകളുടെ ആകെ ചെലവ് തുകയായ ₹7,35,652/- തടസ്സപ്പെടുത്തുന്നു.

## 1-33 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ-മുൻകൂർ ആയി നൽകിയ മുഴുവൻ തുകക്കുമുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.85,295/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്റ്റ് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (140/25) |
| അടങ്കൽ | 3,50,000/- (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് ) |
| ചെലവ് | 3,50,000/- (ബിൽനമ്പർ-217 തീയതി.30.09.2024) |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

ടി പദ്ധതിയുടെ ഭാഗമായി കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ ഓപ്പറേറ്റീവ് ഫാർമസി പ്രൈവറ്റ് ലിമിറ്റഡ് (ഹോംകോ) ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ 10.9.2024 തീയതിയിലെ PF -277 നമ്പർ പ്രോഫോർമ ഇൻവോയ്സ് പ്രകാരം 3,50,000/- രൂപ മുൻകൂർ ആയി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 3 പ്രാവശ്യമായി 2,64,705 രൂപയുടെ മരുന്നുകൾ മാത്രമാണ് ടി സ്ഥാപനം സപ്ലൈ ചെയ്തതായി കാണുന്നത്. ലഭ്യമാക്കിയ രേഖകൾ പ്രകാരം 85,295/- (3,50,000 - 2,64,705) രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. ആയത് ഇതിനകം ലഭിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.23/13.10.2025) 14.10.2025ന് ലഭ്യമാക്കിയ മറുപടിയിൽ ബാക്കി ലഭിക്കാനുള്ള മരുന്നുകൾ ഒരു മാസത്തിനകം ലഭ്യമാക്കാമെന്ന് ഹോംകോയിൽ നിന്നും അറിയിപ്പ് ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ലഭിക്കാനുള്ള മരുന്നുകളുടെ തുകയായ 85,295/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 ബാലസൗഹൃദ പഞ്ചായത്ത് പ്രവർത്തനം - അപാകത

| | |
|---|---|
| പ്രോജക്ട് നം. | 186/25(എസ്.ഒ.) |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ. ഗവ. എൽ.പി. സ്കൂൾ, ചെറായി |
| പ്രോജക്ടിന്റെ പേര് | ബാലസൗഹൃദ പഞ്ചായത്ത് പ്രവർത്തനം |
| അടങ്കൽ തുക | ₹40,000/- (വികസന ഫണ്ട്) |
| ചെലവ് | ₹40,000/- (വികസന ഫണ്ട്) |

| | |
|---|---|
| ബിൽ നം./തീയതി/തുക | 45/09.05.2024, ₹40000/- |

ഹെഡ്മാസ്റ്റർ, ഗവ.എൽ.പി. സ്കൂൾ 2024-25 സാമ്പത്തിക വർഷത്തിൽ "ബാലസൗഹൃദ പഞ്ചായത്ത് പ്രവർത്തനം" എന്ന പ്രോജക്ട് ₹40,000/- ചെലവഴിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രോജക്ടിൽ എൽ.ഇ.ഡി. ബൾബ് മേക്കിംഗ് & റിപ്പയറിംഗ് വൺ ഡേ ട്രെയിനിംഗ് (ഒരാൾക്ക് ₹700/- നിരക്കിൽ 40 പേർക്ക്), മെറ്റീരിയൽ, ട്രെയിനിംഗ് ഫീ & ട്രാവൽ എക്സ്പെൻസ് എന്നീ ഇനങ്ങൾക്കായി ₹33040/-, അവെയർ ട്രെയിനിംഗ് ടീം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ പങ്കെടുത്തവർ ആരെല്ലാമാണെന്നുള്ളതിന്റെ ഹാജർ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത ട്രെയിനിംഗിൽ പങ്കെടുത്തവരുടെ ഹാജർ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 09/09.10.2025) മറുപടിയായി, ട്രെയിനിംഗിൽ പങ്കെടുത്ത 40 കുട്ടികളുടെ ഫോട്ടോസ് ഹാജരാക്കിയിട്ടുണ്ടെന്നും, കുട്ടികളുടെ രജിസ്ട്രേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയ പേപ്പർ ട്രഷറിയിൽ നൽകിയെന്നും, അതിന്റെ കോപ്പിയെടുത്തു വച്ചില്ലായിരുന്നെന്നും അറിയിച്ചു.

പ്രോജക്ട് നടപ്പിലാക്കുമ്പോൾ, പ്രോജക്ട് സംബന്ധമായ എല്ലാ രേഖകളും, വളരെ ഉത്തരവാദിത്തത്തോടും ശ്രദ്ധയോടും കൂടി സൂക്ഷിക്കേണ്ടതാണ്. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

**1-35 കറവപ്പശുവിന് കാലിത്തീറ്റ- കൈകാര്യ ചെലവ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്**

| | |
|---|---|
| പ്രോജക്ട് നം/പേര് | എസ് 10/25 കറവപ്പശുവിന് കാലിത്തീറ്റ സബ്സിഡി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ തുക | രൂ.73920/-<br>(വികസന ഫണ്ട് ജനറൽ-₹36960/-,<br>ഗുണഭോക്തൃ വിഹിതം-₹36960/-) |
| ചെലവ് | രൂ.72720/-<br>(വികസന ഫണ്ട് ജനറൽ-₹36360/-,<br>ഗുണഭോക്തൃ വിഹിതം-₹36360/-) |
| ബിൽ നം.(വൗച്ചർ നം.)/ തീയതി/തുക(₹) | 527-10/03/25 - ₹24240/-<br>595- 17/03/25 -₹12120/-<br>719- 10/03/25 -₹24240/-<br>808- 18/03/25 -₹12120/- |

മേൽ പദ്ധതി പ്രകാരം 8 കർഷകർക്കായി 50% സബ്സിഡിയോടെ 3 മാസത്തേക്ക് 100kg വീതം കാലിത്തീറ്റ വിതരണം ചെയ്തിരുന്നു. കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്നും 50 കിലോയുള്ള എലൈറ്റ് കാലിത്തീറ്റ ചാക്കൊന്നിന് 1,515/- രൂപ നിരക്കിലാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. കേരള ഫീഡ്സിന്റെ 15.10.2024-ലെ കെ.എഫ്.എൽ/ റ്റി.ഡി.പി.എ/090/21 നമ്പർ കത്ത് പ്രകാരം കാലിത്തീറ്റ ഇറക്കുകൂലിയും മറ്റ് അനുബന്ധ ചെലവുകൾക്കുമായി ചാക്കൊന്നിന് 50 രൂപ നിരക്കിൽ ( കൈകാര്യ ചെലവിനത്തിൽ കേരള ഫീഡ്സിൽ നിന്നും ലഭ്യമാകേണ്ട 2,400/- രൂപ (50 X 8 X 2 X 3) ) നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആവശ്യപ്പെടുന്ന പക്ഷം നൽകുന്നതാണ്. കാലിത്തീറ്റയുടെ വില പൂർണ്ണമായും കമ്പനിയിൽ ലഭിച്ച

ശേഷമാകും ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥന് നൽകുക. മേൽപ്പറഞ്ഞ ആനുകൂല്യം നിർവ്വഹണ ഉദ്യോഗസ്ഥന് അർഹതയുള്ള പക്ഷം ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റ് എൻക്വയറി നം.7/09.10.25 നൽകിയതിൻ പ്രകാരം ആയതിനുള്ള തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. മേൽ തുക ലഭ്യമാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-36 ജൽജീവൻ മിഷൻ-അവലോകനം

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

**ജൽജീവൻ മിഷൻ - കേരളം**

ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകിക്കൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യങ്ങൾ. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

**<u>ജൽജീവൻ മിഷനും - പള്ളിപ്പുറം ഗ്രാമ പഞ്ചായത്തും</u>**

**പള്ളിപ്പുറം** ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ കുടിവെള്ള വിതരണം സാധ്യമാക്കുന്നതിന്, ജൽജീവൻ പദ്ധതി നടപ്പിലാക്കുന്നതിനായി 24.06.2020 -ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി യോഗം നം.1/1(4)-പ്രകാരം തീരുമാനമെടുത്തെങ്കിലും നടപ്പിലാക്കിയിട്ടില്ല.

**<u>ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി രേഖ</u>**

സ.ഉ.(കൈ)37/2020/ജ.വി.വ./08.06.2020 നമ്പർ ഉത്തരവ് പ്രകാരമുള്ള ജൽ ജീവൻ മിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള "ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി" ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയതിന്റേതായ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

## സ്ഥാപന വിഹിതവും ഗുണഭോക്തൃ വിഹിതവും അടവാക്കിയതിന്റെ വിവരം.

ജൽജീവൻ പദ്ധതി നടത്തിപ്പിലേക്കായി അടവാക്കേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനവിഹിതവും ഗുണഭോക്തൃവിഹിതവും ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടില്ല.

## ജൽജീവൻ പദ്ധതിക്കായി തുക വകയിരുത്തൽ

| വർഷം | പ്രോജക്ടിന്റെ പേര് / നം. | ആകെ അടങ്കൽ | ചെലവ് | അധിക വിവരം |
|---|---|---|---|---|
| 2020-21 | ജൽജീവൻ മിഷൻ ഗാർഹിക കുടിവെള്ള കണക്ഷൻ (326/21) | ₹40,00,000/- (₹1800000/- കേന്ദ്രാവിഷ്കൃത ഫണ്ട്, ₹1200000/- സംസ്ഥാനാവിഷ്കൃത ഫണ്ട്. ₹60000/- തനത് ഫണ്ട്, ₹400000 ഗുണഭോക്തൃവിഹിതം) | 0 | പ്രോജക്ട് നടപ്പിലാക്കിയില്ല. |

## ജൽജീവൻ പദ്ധതിക്കായി തുക വകയിരുത്തിയെങ്കിലും ആയത് കൈമാറിയിട്ടില്ലെങ്കിൽ അതിന്റെ കാരണം

പഞ്ചായത്ത് തിരിച്ചുള്ള വ്യക്തമായ ഡിമാന്റ് വിവരങ്ങൾ വാട്ടർ അതോറിറ്റിയിൽ

നിന്നും ലഭ്യമല്ലാതിരുന്നതിനാലാണ്, തുക വകയിരുത്തിയെങ്കിലും ആയത് കൈമാറാതിരുന്നത്.

## 1-37 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യകമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗ്ഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ട് സ്കീമുകളിലായിട്ടാണ് പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

**1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.**

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി | - | - | - | - |

| | | | | | |
|---|---|---|---|---|---|
| | ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (എ) സബ് സെന്ററേഴ്സ് | | | | |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി. | | *₹457726* | *₹1307444* | ₹546390 |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ്ലെസ്സ് സബ് സെന്ററേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | **-** | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | *₹262094* | *₹529428* | ₹820573 |

*കുറിപ്പ്:* 2021-22 ലെ ഗ്രാന്റ് 2022-23 ലും 2022-23 ലേത് 2023-24 ലും 2023-24 ലേത് 2024-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

## 2. **നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.**

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(എ) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(ബി) പി.എച്ച്.സി. | - | *₹203566* | *₹1148911* | *₹381492* |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ്ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | - | *₹708153* | *₹65750* |

## ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

| സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(ബി) പി.എച്ച്.സി. | | | | |
|---|---|---|---|---|
| പ്രോജക്ട് | ചെലവ് | | | |
| | 2021-22 | 2022-23 | 2023-24 | 2024-25 |

| | | | | |
|---|---|---|---|---|
| കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | - | *₹203566* | *₹198869*<br>*₹950042*<br>*₹1148911* | *₹51534*<br>*₹329958*<br>*₹381492* |
| **കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.** | | | | |
| കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | - | - | *₹259748*<br>*₹448405*<br>*₹708153* | *₹155*<br>*₹65595*<br>*₹65750* |

**3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.**

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് **പള്ളിപ്പുറം** ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

**4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)**

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി. (320100202) State Bank Of India A/C No.40870168408 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100204) State Bank Of India A/C No.40870175787 |
|---|---|---|
| മുന്നിരുപ്പ് | ₹412693.86 | ₹83369 |

| | | |
|---|---|---|
| വരവ് (പലിശ ഉൾപ്പെടെ) | ₹546390 | ₹820573 |
| ആകെ | ₹959083.86 | ₹903942 |
| ചെലവ് | ₹381492 | ₹65750 |
| നീക്കിയിരുപ്പ് | ₹577591.86 | ₹838192.00 |

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 തൊഴിൽനികുതി കുറവായി ഈടാക്കി- ₹2,850/- വരവ് നഷ്ടം

പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ തൊഴിൽനികുതി റിട്ടേണുകൾ, രജിസ്റ്റർ, പണമൊടുക്ക് തുടങ്ങിയവ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2024-25 രണ്ടാം അർദ്ധവർഷം 27.06.2024 തീയതിയിലെ സ.ഉ(സാധാ)നം.1149/2024/LSGD ഉത്തരവിലെ പുതുക്കിയ സ്ലാബ് പ്രകാരം തൊഴിൽനികുതി കുറവായാണ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധ വർഷ | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | വരുമാനം | | | |
| 1 | ഫ്രണ്ട്സ് ഐസ് പ്ലാന്റ് | മനോഷ് | 72,000 | 750 | 600 | 150 |
| 2 | ഫ്രണ്ട്സ് ഐസ് പ്ലാന്റ് | കൃഷ്ണകുമാർ | 72,000 | 750 | 600 | 150 |
| 3 | ഫ്രണ്ട്സ് ഐസ് പ്ലാന്റ് | രാതുൽ | 72,000 | 750 | 600 | 150 |
| 4 | കൈരളി ഐസ് ഫാക്ടറി | റനീഷ് | 72,000 | 750 | 600 | 150 |
| 5 | കൈരളി ഐസ് ഫാക്ടറി | കുഞ്ഞൻ | 72,000 | 750 | 600 | 150 |
| 6 | കൈരളി ഐസ് ഫാക്ടറി | അനീഷ് കുമാർ | 72,000 | 750 | 600 | 150 |
| 7 | എം.ജെ ക്ലിനിക്, ചെറായി | ഷിലോ സുരേഷ് | 72,000 | 750 | 600 | 150 |
| 8 | എം.ജെ ക്ലിനിക്, ചെറായി | ബിന്ദു തോമസ് | 72,000 | 750 | 600 | 150 |
| 9 | എം.ജെ ക്ലിനിക്, ചെറായി | ശ്രീദേവി പ്രമോദ് | 72,000 | 750 | 600 | 150 |
| 10 | ചന്ദ്രമതി ഐസ് ഫാക്ടറി | തമ്പി | 72,000 | 750 | 600 | 150 |
| 11 | ചന്ദ്രമതി ഐസ് ഫാക്ടറി | സുനിൽ | 72,000 | 750 | 600 | 150 |

| | | | | | | |
|---|---|---|---|---|---|---|
| 12 | ചന്ദ്രമതി ഐെസ് ഫാക്ടറി | ഉണ്ണികൃഷ്ണൻ | 72,000 | 750 | 600 | 150 |
| 13 | നവഭാരത് റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ | ലൗലി വിനോദ് | 72,000 | 750 | 600 | 150 |
| 14 | നവഭാരത് റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ | സുഷിത ഷിനോജ് | 54,000 | 750 | 450 | 300 |
| 15 | നവഭാരത് റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ | ഫെമി സോജൻ | 54,000 | 750 | 450 | 300 |
| 16 | നവഭാരത് റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ | ജയന്തി | 54,000 | 750 | 450 | 300 |
| ആകെ | | | | | | 2,850/- |

ആയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03 തീയതി.08.10.2025) മറുപടി ലഭിച്ചില്ല. മേൽപ്രകാരമുള്ള തുക അതത് സ്ഥാപന ഉടമകളിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24/ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / കുടിശ്ശിക വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ).**

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| 18* | ₹97,500 | ₹86,500 | ₹11,000 | ഈ തുക 04/25ൽ അടവാക്കി |

*18 ജീവനക്കാർ X ₹500 X 1 മാസം = ₹9,000.00

17 ജീവനക്കാർ X ₹500 X 4 മാസം = ₹34,000.00
15 ജീവനക്കാർ X ₹500 X 3 മാസം = ₹22,500.00
16 ജീവനക്കാർ X ₹500 X 4 മാസം = ₹32,000.00
---------------------------------------------------------------------
₹97,500

**2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | | | |
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

**3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 07/2024 | 13500.00 | 0 | |

**4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | | | |
| 1 | 02/2025 | 4000.00 | 4000.00 | 0 | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2024-2025 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | |

## 4-3 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 1200 | ചെറു ധാന്യ കൃഷി മില്ലറ്റ് ഗ്രാമം (159/25) | 1200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 19200 | പൊക്കാളി നെൽകൃഷി സ്ഥിരം കൃഷി ധനസഹായം (158/25) | 19200 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 10000 | പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്- മരുന്ന് വാങ്ങലും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും (എസ്.160/25) | 10000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 600000 | ലൈഫ് ഭവനനിർമ്മാണം ജനറൽ (8/25) | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 170000 | ലൈഫ് ഭവനനിർമ്മാണം- എസ്.സി-ബ്ലോക്ക് ഷെയർ നൽകൽ | 170000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 200000 | അനുപൂരക പോഷകാഹാരം (129/25) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 658530 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (132/25) | 658530 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 488243 | പാലിന് സബ്സിഡി (5/25) സ്പിൽ ഓവർ | 488243 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 73598 | പാലിന് സബ്സിഡി (205/25) | 73598 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 100000 | വയോജന ക്ലബുകൾക്ക് മൈക്ക് വാങ്ങൽ (285/25)സ്പിൽ ഓവർ | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 200000 | അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ (284/25)സ്പിൽ ഓവർ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 343750 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(20/25) | 343750 | 0 |
| **ആകെ** | | **2864521** | | **2864521** | **0** |
| ജില്ലാ പഞ്ചായത്ത് | 2024-25 | 19200 | പൊക്കാളി നെൽകൃഷി സ്ഥിരം കൃഷി ധനസഹായം (158/25) | 19200 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 15000 | പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്- മരുന്ന് വാങ്ങലും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും (എസ്.160/25) | 15000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1000000 | ലൈഫ് ഭവനനിർമ്മാണം ജനറൽ (41/25) | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1800000 | ലൈഫ് ഭവനനിർമ്മാണം ജനറൽ (8/25) | 1800000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 219510 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (132/25) | 219510 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2024-25 | 35558 | ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം (187/25) | 35558 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1000000 | പി സി സ്ക്വയർ മുതൽ സ്റ്റാർലൈൻ ലിങ്ക് റോഡ് നിർമ്മാണം വാർഡ് 9 (239/25) | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 862048 | നെൽസൺ മൺഡേല റോഡ് മെയിന്റനൻസ് വാർഡ് നം.9 (265/25) | 862048 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 421626 | അരയത്തിക്കടവ് സമാന്തര റോഡ് നവീകരണം വാർഡ് 12 (335/25) | 421626 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 687500 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (20/25) | 687500 | 0 |
| **ആകെ** | | **6060442** | | **6060442** | **0** |

## 4-4 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.**

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (103/25) | വൗച്ചർ നം. 22400379/02.07.24 22400967/29.10.24 22401287/18.12.24 22401805/14.03.25 22401281/16.12.2024 22401841/20.03.25 | **₹396496** | **₹396496** | **0** |
| വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടി വലിക്കൽ (37/25) | RBI 0802509911968/ 20.03.2025 32511716940/28.03.25 | ₹1362178 | 0 | ₹1362178 |
| വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടി വലിക്കൽ (181/25) | RBI 1382476235440/16.05.24 2411070001223/16.05.24 | ₹670048 | ₹670048 | 0 |
| **ആകെ തുക** | | **₹2428722** | **₹1066544** | **₹1362178** |

# <u>കേരള വാട്ടർ അതോറിറ്റി</u>

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(135/25) | ചെക്ക് നം.32511057360/27.03.25 ചെക്ക് നം.32511979600/28.03.25 | ₹375000 | 0 | ₹375000 |
| കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(293/25) | ചെക്ക് നം.92403373547/18.09.24 ചെക്ക് നം.92404464492/23.09.24 | ₹2200000 | ₹1613739 | ₹586261 |
| കരുത്തല മുതൽ മുനമ്പം വരെയുള്ള വാർഡുകളിലേക്ക് കുടിവെള്ള വിതരണം നടത്തുന്ന കരുത്തല പാലത്തിന് അടിയിൽ സ്ഥാപിച്ചിട്ടുള്ള പഴയ പൈപ്പ് ലൈനുകൾക്ക് പകരം പുതിയ പൈപ്പ് | ചെക്ക് നം.32505529528/17.03.25 ചെക്ക് നം.325506525727/19.03.25 | ₹2000000 | ₹1469340 | ₹530660 |

| | | | | |
|---|---|---|---|---|
| ലൈനുകൾ സ്ഥാപിക്കുന്ന പ്രവർത്തി(425/25) | | | | |
| **ആകെ തുക** | | **₹4575000** | **₹3083079** | **₹1491921** |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

## 4-6 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം | ₹4,29,77,960 | 0 | ₹4,29,77,960 | ₹48,79,563 | - | ₹3,80,98,397 |
| ഹഡ്കോ ലോൺ | ₹1,07,60,000 | ₹95,354 | ₹1,08,55,354 | - | - | ₹1,08,55,354 |

| തിരിച്ചടവിന്റെ വിവരം | | |
|---|---|---|
| ജി.ഒ. പ്രോജക്ട് | | തുക |
| നമ്പർ | പേര് | |
| 428/25 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - എസ്.സി.പി.- രണ്ടാം ഗഡു | ₹109733 |
| 430/25 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - എസ്.സി.പി.- മൂന്നാം ഗഡു | ₹121772 |
| 427/25 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - പൊതുവിഭാഗം- രണ്ടാം ഗഡു | ₹2329929 |
| 429/23 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - പൊതുവിഭാഗം- മൂന്നാം ഗഡു | ₹2318129 |
| ആകെ | | ₹4879563 |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | | ₹1,69,40,247 |
| തൻവർഷം നിക്ഷേപിച്ച മുതൽ | ₹40,00,000 | ₹49,18,811 |
| തൻവർഷം നിക്ഷേപിച്ച പലിശ | **₹9,18,811 | |
| ആകെ | | ₹2,18,59,058 |
| തന്നാണ്ടിൽ പിൻവലിച്ച തുക | | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | | ₹2,18,59,058 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.</u>

| നിക്ഷേപത്തിന്റെ വിവരം | തുക | രസീത് നം. |
|---|---|---|
| പള്ളിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് | ₹3039890 | A/C No. 75385d / 05.01.2023 |
| പള്ളിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് | ₹3039890 | A/C No. 75386d / 05.01.2023 |
| എസ്.ബി.ഐ., ചെറായി | ₹6369854 | A/C No. 42677752958/06.02.2024 |
| പള്ളിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് | ₹6312599 | A/C No. 74693D / 21.03.2022 |
| എസ്.ബി.ഐ., ചെറായി | ₹4000000 | A/C No. 43500435274/04.11.2024 |
| ആകെ | *₹2,27,62,233 | |

കുറിപ്പ്:-

*വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പും, സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റിലെ ആകെ തുകയും തമ്മിൽ 9,03,175/- രൂപയുടെ വ്യത്യാസം ഉണ്ട് (₹2,27,62,233 - ₹2,18,59,058).

**സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റിലെ പലിശ വരവും, വാർഷിക ധനകാര്യ പത്രികയിൽ തൻ വർഷം പലിശ ഇനത്തിൽ കണക്കാക്കിയ തുകയും തമ്മിൽ ₹22,467 വ്യത്യാസം ഉണ്ട്(₹9,41,278-₹9,18,811)

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | 2-2 | തൊഴിൽ നികുതി രജിസ്റ്ററിലെ അപാകത | പരാമർശം തുടരുന്നു |

## 4-10 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | ₹16,95,74,737.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | ₹10,67,21,381.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹2,850 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 13,90,174 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | ₹2,850 | | ശ്രീമതി സുഷമകുമാരി എസ്., സെക്രട്ടറി |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-23 | 17,37,178 | ശ്രീമതി സുഷമകുമാരി എസ്., സെക്രട്ടറി |
| 1-27 | 3,47,178 | ശ്രീ. ജോർജ്ജ് സി.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-31 | 7,938 | ഡോ. സാജു എൻ. രാജൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| | 76,933 | ഡോ. രമ്യ രാജൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-32 | 52,580 | ഡോ. ജിജിമോൾ എ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| | 6,83,072 | ഡോ. ഷിനിൽ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-33 | 85,295 | ശ്രീമതി സുഷമകുമാരി എസ്., സെക്രട്ടറി |
| ആകെ | 13,90,174 | |

## (സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീമതി സുഷമകുമാരി എസ്., സെക്രട്ടറി | സെക്രട്ടറി, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | 18/192, ദീപാലയം, ചേർത്തല, ആലപ്പുഴ-688531 |
| 2 | ശ്രീ. ജോർജ്ജ് സി.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | ചാരംപള്ളി ഹൗസ്, കണ്ടക്കടവ് പി.ഒ., കൊച്ചിൻ-682008. |
| 3 | ഡോ. സാജു എൻ രാജൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം | മെഡിക്കൽ ഓഫീസർ, ആയുർവേദം, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | മുല്ലശ്ശേരി ഹൗസ്, പള്ളിപ്പോർട്ട്, എറണാകുളം. |

| | | | |
|---|---|---|---|
| 4 | ഡോ. രമ്യ രാജൻ എ, മെഡിക്കൽ ഓഫീസർ, ആയുർവേദം | മെഡിക്കൽ ഓഫീസർ ആയുർവേദം, എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | ദീപ്തി, 72/2413 ആര്യപാദം ലെയിൻ, പേരണ്ടൂർ റോഡ്, കലൂർ, കൊച്ചിൻ 682017 |
| 5 | ഡോ. ജിജിമോൾ എ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | മാധവം, മലയിൽ ലെയിൻ, അംബേദ്കർ റോഡ്, ഉദയംപേരൂർ പി.ഒ. |
| 6 | ഡോ. ഷിനിൽ കെ. ബി., മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ഏറിയാട് ഗ്രാമപഞ്ചായത്ത് | കിഴക്കൻചേരി ഹൗസ്, ഷൺമുഖ പ്രിയ, തയ്യേഴത്ത് ലെയിൻ, നായരമ്പലം പി.ഒ. -682509 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ഇ.പി.3-1660/99/13.03.01 | 1 |

| | | |
|---|---|---|
| 1999-2000<br>2000-01<br>2001-02 | എൽ.എഫ്.ഇ.(പി.3) 98/2004/18.01.2005 | 5 |
| 2002-03 | എൽ.എഫ്.ഇ.പി.3-652/06/24.11.06/ 15.9.07 | 3 |
| 2004-05 | എൽ.എഫ്.ഇ.പി.3-367/09/20.10.09 | 1 |
| 2008-09 | എൽ.എഫ്.ഇ.പി.3-51/11/12 /6.2.12 | 1 |
| 2009-10 | എൽ.എഫ്.ഇ.പി.3-52/12/6.2.12 | 3 |
| 2012-13<br>2013-14 | എൽ.എഫ്.ഇ.(പി.3/1772/2014 തീയതി 21.12.2014 | 6 |
| 2014-15 | കെ.എസ്.എ./ഇ.കെ.എം. (പി 3) 1077/2016 02.07.2016 | 4 |
| 2015-16 | കെ.എസ്.എ./ഇ.കെ.എം. (പി 3) 2205/2016 23.12.2016 | 9 |
| 2016-17 | കെ.എസ്.എ./ഇ.കെ.എം. (പി 3) 1398/2017 14.09.2017 | 8 |
| 2017-18 | കെ.എസ്.എ./ഇ.കെ.എം. (പി 3) 160/2019 12.03.2019 | 5 |
| 2018-19 | കെ.എസ്.എ./ഇ.കെ.എം. (പി 3) 144/20 13.03.2020 | 6 |
| 2019-20 | കെ.എസ്.എ./ഇ.കെ.എം. (പി 3) 369/22 06.07.2022 | 39 |
| 2020-21 | കെ.എസ്.എ./ഇ.കെ.എം. (പി 3) 1184/22 08.08.2022 | 17 |

| | | |
|---|---|---|
| 2021-22 | കെ.എസ്.എ./ഇ.കെ.എം. (പി 3) 261/2023/11.04.2023 | 26 |
| 2022-23 | കെ.എസ്.എ./ഇ.കെ.എം.(പി 3)1762/2024/18.12.2023 | 43 |
| 2023-24 | കെ.എസ്.എ./ഇ.കെ.എം.(പി 8)1668/2024/29.11.2024 | 12 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 4(1) dated 18-06-2025 and submitted on 19-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Pallippuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Pallippuram Grama Panchayat as on 31-03-2025

**Date: 03/12/2025** **Deputy Director**

**Kerala State Audit Department**

# Audit Report appended to the Audit Certificate of Pallippuram Grama Panchayat for the Year 2024-2025.

## 1.Major Observations

Nil

## 2.Other Observations

1. Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.

2. Cash Flow statement Net increase/ decrease in cash flow does not match with difference between opening balance and closing balance.

3. Asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4. Expenditure of Joint Venture Project share from District Panchayat booked in the AFS and Sulekha expenditure statement does not match.

5. Actual Fixed deposit amount differ from Fixed deposit ledger.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്